# സിപിഐ (എംഎൽ) റെഡ്സ്റ്റാർ
# കേരള സംസ്ഥാന പാർട്ടി സ്കൂൾ - 2023
### ജൂൺ 24 & 25 എറണാകുളം

**പേപ്പർ3:**
**വൈരുദ്ധ്യാത്മകവും ചരിത്രപരവുമായ ഭൗതികവാദം**

**ആമുഖം**

സഖാക്കളെ, നമ്മുടെകേന്ദ്രപാർട്ടിസ്കൂൾപരമ്പരയുടെ ഭാഗമായി ഈവർഷം തയ്യാറാക്കിയ രണ്ട് പേപ്പറുകളോടൊപ്പം കേരള സംസ്ഥാന പാർട്ടിസ്കൂൾ കൂട്ടിച്ചേർത്ത മൂന്നാമത്തെ പഠനവിഷയമാണ് 'വൈരുദ്ധ്യാത്മകവുംചരിത്രപരവുമായഭൗതികവാദം'. മാർക്സിസ്റ്റ് തത്വചിന്തയുടെ അടിസ്ഥാന തത്വത്തെ സംബന്ധിച്ച ഈവിഷയത്തെ ആഴത്തിൽപഠിക്കുന്നതിനും അത് നിത്യപ്രയോഗത്തിൽ ഉപയോഗിക്കുന്നതിനും ആവശ്യമായഒ ന്നാമത്തെ കാര്യം അതെപറ്റിയുള്ള അടിസ്ഥാന ഗ്രന്ഥങ്ങൾ വായിക്കുകഎ ന്നതതന്നെയാണ്. മാർക്സിസ്റ്റ് തത്വചിന്തക്ക് അടിത്തറ പാകിയ മാർക്സിന്റേയും എംഗൽസിന്റേയും എല്ലാ സുപ്രധാനമായ കൃതികളും, ലോകത്തിലുണ്ടായ മാറ്റങ്ങളെ അധികരിച്ച് തത്വചിന്തയിലും പ്രയോഗത്തിലും വേണ്ട വികാസത്തിനായി, വൈരുദ്ധ്യാത്മകഭൗതികവാദ സിദ്ധാന്തത്തെ പുഷ്ടിപ്പെടുത്താനായി ലെനിന്റെ നേതൃത്വത്തിൽ നൽകിയ സമൃദ്ധമായ സംഭാവനകൾ, അതിൽസവിശേഷമായ 'വൈർദ്ധ്യാത്മക ഭൗതികവാദത്തെ സംബന്ധിച്ച വിമർശനങ്ങൾക്കും വ്യതിയാനങ്ങൾക്കുമെതിരായ സൈദ്ധാന്തിക സമരമെന്ന നിലയിൽ ലെനിൻ രചിച്ച 'ഭൗതികവാദവും അനുഭവ വിമർശനവും' എന്ന കൃതിയടക്കമുള്ള, ഈവിഷയത്തെ കൂടുതൽ തെളിമയോടെ വിശദീകരിക്കുന്ന ലെനിന്റെകൃതികൾ, മാർക്സിസം-ലെനിനിസത്തെ വിശദീകരിക്കുന്നതിന്റെ ഭാഗമായും സോവ്യറ്റ് അനുഭവങ്ങളുടേയും അതിന്റെ രൂപകൽപ്പനകളുടേയും ഭാഗമായി 'ലെനിനിസത്തിന്റെ അടിസ്ഥാനം' എന്ന കൃതിയടക്കമുള്ള സ്റ്റാലിന്റെ സംഭാവനകൾ, യൂറോപ്പിനു പുറത്തുള്ള ചൈനയുടെ സവിശേഷ സാഹചര്യത്തെയും കഴിഞ്ഞ നൂറ്റാണ്ടിലെ മധ്യത്തിലുണ്ടായ പുതിയ മാറ്റങ്ങളേയും അധികരിച്ച് മാവോ ചിന്തയുടെ സംഭാവനകൾ, 'വൈരുദ്ധ്യത്തെപറ്റി' എന്ന കൃതിയടക്കമുള്ള മാവോയുടെ രചനകൾ എന്നിവയെല്ലാം ഈവിഷയത്തെ ആഴത്തിൽ പഠിക്കുവാനുള്ള അ ടിസ്ഥാന ഗ്രന്ഥങ്ങളായിരിക്കുമ്പോൾ തന്നെ അവ വർത്തമാന കാലത്തെ മാറ്റങ്ങൾക്കും പുതുക്കിയ ധാരണകൾക്കും അടിസ്ഥാനപ്പെടുത്തിയിട്ടുള്ള പുനർവായനയാണ് ആവശ്യമായിട്ടുള്ളത്. യാന്ത്രികമോ, മതപരമോ ആയ രീതിയിലുള്ള പാരായണങ്ങൾക്ക് പകരം, മാർക്സിന്റേയും എംഗൽസിന്റേയും കാലത്തോ ലെനിൻ മുതൽ മാവോ വരെയുള്ളവരുടെ കാലങ്ങളിലോ ഉയർന്നു വരാതിരുന്ന പുതിയ കാലത്തെ സവിശേഷമായ പ്രശ്നങ്ങൾ മാർക്സിസ്റ്റുകൾ അഭിസംബോധന ചെയ്യുന്നത് അടിസ്ഥാന സൈദ്ധാന്തിക പ്രത്യയശാസ്ത്ര ധാരണകളെ പുതിയ വികാസങ്ങൾക്കനുസരിച്ച് സമ്പുഷ്ടമാക്കിക്കൊണ്ടാണ്. ഉദാഹരണത്തിന് പാരിസ്ഥിതിക വിഷയങ്ങൾ, മാർക്സിന്റെകുറിപ്പുകളെവികസിപ്പിച്ച്കൊണ്ട് എംഗൽസ് അക്കാലത്തെ ധാരണകളെ മുൻനിർത്തി രചിച്ച

'പ്രകൃതിയുടെ വൈരുദ്ധ്യാത്മകത' എന്നകൃതിയടക്കമുള്ള ഗ്രന്ഥങ്ങളെ അടിസ്ഥാന പ്പെടുത്തി ഗുണപരമായി വലിയമാറ്റങ്ങൾക്ക് വിധേയമായ ഇന്നത്തെ പാരിസ്ഥിതിക പ്രശ്നങ്ങളെ മാർക്സിസ്റ്റ് പരിപ്രേക്ഷ്യത്തിൽ മനസ്സിലാക്കാനും മാർക്സിസ്റ്റ് ധാരണകളെഇന്നത്തെസാഹചര്യങ്ങൾക്കനുസരിച്ചികസിപ്പിക്കാനുംഅടിസ്ഥാനമാർക ്സിസ്റ്റ് ഗ്രന്ഥങ്ങളുടെ പുനർവായന അനുപേക്ഷണീയമാണ്. അതുപോലെ കഴിഞ്ഞ നൂറ്റാണ്ടിലെ മാർക്സിസ്റ്റുകൾക്ക് അന്യമായിരുന്ന ഈ നൂറ്റാണ്ടിലെ ഡിഗിറ്റൈസേഷ ന്റെ മുതൽ നിർമ്മിതബുദ്ധിയുടെ പുതിയ വികാസങ്ങൾ, അവമൂലമുണ്ടാകുന്ന അദ്ധ്വാനവിഭജനത്തിലെ ഗുണപരമായ മാറ്റങ്ങൾ, മനുഷ്യന്റെ ചിന്തയുടെ സ്വഭാവ ത്തിലടക്കം ഉണ്ടാകാനിടയുള്ള ഗുരുതരമായമാറ്റങ്ങളെല്ലാം വിശകലന വിധേയ മാക്കുവാനും തത്വചിന്തയെയും അതെപറ്റിയുള്ള നമ്മുടെ ധാരണകളേയും അതിനനുസിരിച്ച് പ്രാപ്തമാക്കുവാനും അടിസ്ഥാന മാർക്സിസ്റ്റ് ഗ്രന്ഥങ്ങളൂടെ പുനർവായന ഒഴിച്ച്കൂടാനാവാത്തതാണ്. ഓരോരുത്തരുംസ്വന്തമായി നിത്യേന നടത്തേണ്ടഇത്തരം പഠനങ്ങൾക്ക്വേണ്ടിയുള്ള ചർച്ച തുടങ്ങിവെക്കാനായി, ഒരു ആമുഖം അവതരിപ്പിക്കാനാണ് ഇവിടെശ്രമിക്കുന്നത്.

**കമ്മ്യൂണിസ്റ്റ് കാഡർമാർ നിത്യമായി നടത്തേണ്ട മാർക്സിസ്റ്റ് പഠനത്തിന്റെ പ്രാധാന്യം.**

മാനവരാശിയുടെ വിമോചനത്തിനുവേണ്ടി മുന്നോട്ട് വെക്കപ്പെട്ടതും അനുസ്യൂതം സമ്പുഷ്ടമാക്കിക്കൊണ്ടേയിരിക്കുന്നതുമായ തൊഴിലാളിവർഗ്ഗത്തിന്റെ ശക്തമായ പ്രത്യയ ശാസ്ത്രആയുധമാണ്മാർക്സിസം. മാർക്സിസം മാർഗ്ഗദർശനമാക്കിയ ഒരു കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ കാഡറെ സംബന്ധിച്ച്, അഥവാ വർത്തമാന യുഗത്തിലെ മാർക്സിസമായമാർക്സിസം-ലെനിനിസം-മാവോ ചിന്ത മാർഗ്ഗദർശനമാക്കിയ ഒരു കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ കാഡറെ സമ്പന്ധിച്ച്, കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ അംഗം എന്നനിലക്ക് വ്യാപൃതമായിക്കൊണ്ടിരിക്കുന്ന പ്രവർത്തന മേഖലയിൽ ഫലപ്രദമായി ഇടപെടുന്നതിന് സാമാന്യമായമാർക്സിസ്റ്റ് പ്രത്യയശാസ്ത്രധാരണ അത്യന്താ പേക്ഷിതമാണ്. നമ്മുടെപാർട്ടിഭരണഘടനയുടെആർട്ടിക്കിൾ 8ൽ പാർട്ടി അംഗങ്ങളുടെ ഭരണഘടനാപരമായ 13 ഉത്തരവാദിത്തങ്ങളിൽ ആദ്യത്തേത് പ്രത്യയശാസ്ത്ര ധാരണ കൾ വികസിപ്പിക്കുന്നതിനായുള്ള നിരന്തര പ്രയത്നത്തേയും സിദ്ധാന്തവും പ്രയോഗവും കണ്ണി ചേർക്കുന്നതിനേയും സംബന്ധിച്ചാണ്.

പാർട്ടി കാഡർമാരുടെ മാർക്സിസ്റ്റ് പഠനത്തോട്, ഇരുധ്രുവങ്ങളിലായി രണ്ട് തെറ്റായ സമീപനങ്ങൾ നിലവിലുണ്ട്. ഒന്ന്, സൈദ്ധാന്തിക പ്രത്യയശാസ്ത്ര പഠനങ്ങൾ പാർട്ടി നേതൃത്വത്തിന്റേയോ അതിലെ തെരഞ്ഞെടുത്ത ബുദ്ധിജീവികളുടേയോ പണിയാണ്. സാധാരണപാർട്ടികാഡർമാർക്ക്അതിൽകാര്യമായപങ്കില്ല. രണ്ട്, സൈദ്ധാന്തിക പഠനങ്ങളിലും അതിന്റെ അക്കാദമിക ചർച്ചകളിലും സമ്പൂർണ്ണമായി മുഴുകി പ്രവർത്തനത്തെ അഥവാ അതിന്റെ പ്രയോഗത്തെ അപ്രധാനമാക്കുന്ന സമീപനം. ഒന്നാമത്തെ സമീപനത്തെപറ്റി പറഞ്ഞാൽ, നാംകമ്മ്യൂണിസ്റ്റുകാർ മാത്രമല്ല; മാർക് സിസ്റ്റുകൾ കൂടിയാണ്. പ്രത്യയശാസ്ത്ര പിൻബലമില്ലാത്ത പാർട്ടി കാഡർ തൊഴിലാളി വർഗ്ഗത്തിന്റെ മുന്നണിപ്പടയിലെ ആയുധമില്ലാത്ത പോരാളിയെപോലെയാണ്. പാർട്ടിയുടെ രേഖകളും ദൈനംദിന വിഷയങ്ങളെ സംബന്ധിച്ച നിലപാടുക ളും പ്രസ്താവനകളും പാർട്ടി സർക്കുലറുകളും യാന്ത്രികമായി പിന്തുട ർന്ന് ദൈനംദിനപാർട്ടി പ്രവർത്തനങ്ങളിൽ മുഴുകുന്ന കാഡർ ഫലത്തിൽ ഒരു വിശ്വാസിയായ മതാനുയായിയെപോലെയാണ്. ലോകത്തേയുംരാജ്യത്തേ യുംതന്റെ ചുറ്റുപാടുകളേയും ശരിയായി വിശകലനം ചെയ്യാനും പാർട്ടിലൈനും അതിന്റെ

നിലപാടുകളും മാർക്സിസ്റ്റ് പരിപ്രേക്ഷ്യത്തിൽ മനസ്സിലാക്കാനും അത് ദൈനംദിന പാർട്ടി പ്രവർത്തനത്തിൽ പ്രയോഗിക്കുവാനും അടിസ്ഥാനമാർക്സിസ്റ്റ് ധാരണയും അതിനായുള്ള പഠനവും ആവശ്യമാണ്. രണ്ടാമത്തെ സമീപനത്തെ പറ്റിയാണെങ്കിൽ, കാഡർമാർ മാർക്സിസ്റ്റ്ഗവേഷകരല്ല, കമ്മ്യൂണിസ്റ്റുകാർകൂടിയാണ്. അന്നേവരെയുള്ള തത്വചിന്തകരോടുള്ള വിമർശനമെന്ന നിലക്കും സ്വന്തം തത്വചിന്തയുടെ ചരിത്രപരമായ വേർതിരിവെന്ന നിലക്കുമാണ്, ലോകത്തെ വ്യാഖ്യാനിക്കൽ മാത്രമല്ല, അതിനെ മാറ്റിതീർക്കുന്നതിനെകുറിച്ച് ഊന്നൽ നൽകുന്ന തത്വചിന്തയെപറ്റി മാർക്സും എംഗൽസും പ്രഖ്യാപിക്കുന്നത്. പ്രയോഗവുമായി ബന്ധപ്പെട്ട് മാത്രം പ്രസക്തമായ തത്വചിന്തയും പ്രത്യയശാസ്ത്രവുമാണ് മാർക്സിസത്തിന്റേത്. അക്കാദമിക പഠനത്തിൽമാത്രം മുഴുകുന്നത് ഉപയോഗിക്കേണ്ട ആയുധത്തെപറ്റി ആഴത്തിൽപഠിക്കുകയും എന്നാൽ ഒരിക്കൽപോലും ആയുധം പ്രയോഗി ക്കാതിരിക്കുകയും ചെയ്യുന്ന ഒരു'പോരാളി'ക്ക് സമാനമാണ്. ആയുധം നിരന്തരം പ്രയോഗിക്കുമ്പോഴാണ് അതിൽകൂടുതൽ പ്രാവീണ്യം ലഭിക്കുന്നത്. അപ്പോഴാണ് ശത്രുവിന്റെ ആയുധത്തിന്റെ പരിമിതിയും കരുത്തും മനസ്സിലാകുന്നത്, ശത്രുനിരന്തരം വികസിപ്പിക്കുന്ന അവരുടെആയുധത്തെപറ്റി പെട്ടെന്ന് മനസ്സിലാകുന്നതും അ തിനെവെല്ലാനും മറികടക്കാനും സ്വന്തം ആയുധത്തെ മൂർച്ചകൂട്ടുകയോ പുഷ്ടിപ്പെടുത്തുകയോ ചെയ്യാൻ നിർബന്ധിതരാകുന്നത്. സിദ്ധാന്തത്തേയും പ്രയോ ഗത്തേയും ഫലപ്രദമായി വിളക്കിചേർക്കുന്ന തരത്തിൽ മാർക്സിസ്റ്റ് പഠനവും അതിന്റെ നിരന്തര പ്രയോഗവും പാർട്ടി കാഡർമാരുടെ ദിനചര്യയാക്കി മാറ്റേണ്ടതുണ്ട്. സ്വയം പഠനത്തിനായുള്ള പാഠ്യപദ്ധതി തയ്യാറാക്കുകയും ദിനവും അല്പനേരം ഇത്തരം പഠനത്തിനായി (പുനർവായനക്കായി) നീക്കിവെക്കുകയും ചെയ്യേണ്ടതുണ്ട്.

## പാർട്ടിസ്കൂളിൽസൈദ്ധാന്തിക പ്രത്യയശാസ്ത്രപഠനത്തിന്റെപ്രസക്തി

നമ്മുടെ പ്രസ്ഥാനത്തിൽ പാർട്ടി പഠനക്ലാസ്സുകൾ മുൻപും പലഘട്ടങ്ങളിൽ പല രീതികളിൽ സംഘടിപ്പിക്കപ്പെട്ടിരുന്നിട്ടുണ്ടെങ്കിലും, 2011 ലെ ഒൻപതാം പാർട്ടി കോൺഗ്രസ്സിനുശേഷം പാർട്ടിസ്കൂൾ പഠനക്ലാസ്സ് പരമ്പര ഒരു പദ്ധതിയടി സ്ഥാനത്തിൽ നിരന്തരം സംഘടിപ്പിച്ച് പോരുന്നുണ്ട്. 2012 മുതലിങ്ങോട്ടുള്ള വർഷങ്ങളിൽ പാർട്ടികോൺഗ്രസ്സുകളുടെ തയ്യാറെടുപ്പ് പ്രവർത്തനങ്ങളിൽ മുഴുകേ ണ്ടിവന്ന വർഷങ്ങളിലും കോവിഡ്മ ഹാമാരിയുടെ തീഷ്ണമായ ഒരു വർഷവും ഒഴിച്ച് എല്ലാവർഷവുംഅത്സംഘടിപ്പിക്കപ്പെട്ടിട്ടുണ്ട്. ഈ പരമ്പരയിലെ എട്ടാമത്തേതാണ് ഈവർഷത്തെ പാർട്ടിസ്കൂൾ. നമ്മുടെ പാർട്ടി സ്കൂൾ പഠനങ്ങളെ പൊതുവിൽ മൂന്നായിതരംതിരിക്കാവുന്നതാണ്. ഒന്ന്, പാർട്ടി ലൈൻ കാഡർമാർക്ക് കൂടുതൽ വ്യക്തതയോടെ മനസ്സിലാക്കുന്നതിനും അടിമുടി നടക്കുന്ന പാർട്ടിസ്കൂളിലൂടെ അതിനെ കൂടുതൽ സമ്പുഷ്ടമാക്കുന്നതിനും ലക്ഷ്യമിടുന്നത്. അതിൽ പരിപാടിയും വിപ്ലവപാതയും രാഷ്ട്രീയ പ്രമേയവും അടക്കമുള്ള പാർട്ടിയുടെ അടിസ്ഥാനരേഖകൾ, അവയുമായിബ ന്ധപ്പെട്ട അടിയന്തിരമായും ദീർഘകാലാടിസ്ഥാനത്തിലും സവിശേഷശ്രദ്ധപതിപ്പിക്കേണ്ടപ്രത്യേകവിഷയങ്ങളെ (ഉദാഹരണത്തിന്, സാമ്രാജ്യത്വം, നവകൊളോണിയലിസം, സാർവ്വദേശിയ പ്രസ്ഥാനത്തിന്റേയും ഇന്ത്യൻ പ്രസ്ഥാനത്തിന്റേയും ചരിത്രം, നവഫാസിസം, നവലിബറൽ കാലത്തെ രാഷ്ട്രീയ സമ്പത്തികശാസ്ത്രം, ജാതി, പരിസ്ഥിതി, ലിംഗസമത്വംതുടങ്ങിയവിഷയങ്ങൾ) സംബന്ധിച്ചപഠനങ്ങളുംഇതിൽഉൾപ്പെടുന്നു. രണ്ട്, നമ്മുടെ പാർട്ടിലൈനും രാജ്യത്തെ സവിശേഷ സാഹചര്യങ്ങൾക്കുമനുസരിച്ച് പാർട്ടി കെട്ടിപ്പടുക്കുന്നതിനെ സംബന്ധിച്ച്, അതിന്റെ പ്രയോഗങ്ങളെ സംബന്ധിച്ചുള്ള പേപ്പറുകൾ, അതിൽ പുതിയ കാലത്തെ

കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ രാഷ്ട്രീയ പ്രചരണ പ്രവർത്തനമടക്കമുള്ള വിഷയങ്ങളും ഉൾപ്പെടുന്നു. മൂന്ന്, ഈ രണ്ട് ഘടകങ്ങളേയും അഥവാ പാർട്ടിലൈനിനേയും അതിന്റെ പ്രയോഗത്തേയും ഫലപ്രദമായി മനസ്സിലാക്കാനും പ്രയോഗിക്കാനും കാഡർമാരെ പ്രാപ്തരാക്കും വിധത്തിൽ അടിസ്ഥാന മാർക്സിസ്റ്റ് പഠനങ്ങളുടെ വായനയേയും പുനർവായനയേയും ലക്ഷ്യം വെക്കുന്ന പാഠ്യപദ്ധതി. ഇതിൽ മൂന്നാമത്തെ ഭാഗമായി പറഞ്ഞ അടിസ്ഥാനമാർക്സിസ്റ്റ്സൈദ്ധാന്തിക-പ്രത്യയശാസ്ത്ര വിഷയങ്ങളെ സംബന്ധിച്ച പഠനങ്ങൾ ഔപചാരികമായി ഏതെങ്കിലും വർഷത്തെ പാർട്ടിസ്കൂൾ പഠനപദ്ധതിയിൽ ഉൾപ്പെട്ടിട്ടില്ലെങ്കിൽ പോലും ഓരോ പാർട്ടികാഡർമാരും അവരവർ നിരന്തരമായിനടത്തേണ്ട സ്വയം പഠനപദ്ധതിയിൽ സജീവമായി നിലനിർത്തുകയും അതൊരു ചര്യയാക്കി തുടരുകയും ചെയ്യേണ്ടതുണ്ട്.

## മാർക്സിസം: മാനവവിമോചനത്തിന്റെപ്രത്യയശാസ്ത്രം

കമ്മ്യൂണിസ്റ്റുകാരെന്നനിലയിൽനാംഉയർത്തിപ്പിടിക്കുന്ന, നാം പിന്തുടരുന്ന മാർഗ്ഗദർശനവും ലോകവീക്ഷണവുമാണ്മാർക്സിസം. ലോകത്തേയും അതിന്റെ ചരിത്രത്തേയും ചുറ്റുപാടുകളേയും അപഗ്രഥിക്കുന്നതിനും നിലവിലെ സാഹചര്യത്തെ മാറ്റിതീർത്ത് മറ്റൊരു ലോകം സൃഷ്ടിക്കാനായി ആശ്രയിക്കുന്ന സാമൂഹ്യ ശാസ്ത്രമായി അതിനെ ഉപയോഗിക്കുന്നവരെ സംബന്ധിച്ചേടത്തോളം, അതിനെതിരായ പ്രത്യയശാസ്ത്ര വക്താക്കൾ കൂടുതൽ കൂടുതൽ ശക്തിയോടെ ആധിപത്യത്തിലേക്ക് വരുമ്പോഴും, മാർക്സിസത്തെ കൂടുതൽ ആവേശത്തോടെ ഉയർത്തി പ്പിടിക്കുന്നതിന്റെ മൂന്ന് മുഖ്യകാരണങ്ങൾ: 1) തൊഴിലാളി വർഗ്ഗത്തിന്റെയും മർദ്ദിത ജനതയുടേയും, മുഴുവൻ മനുഷ്യരാശിയുടേയും വിമോചനത്തിനു വേണ്ടിയുള്ളതെന്ന് അർത്ഥശങ്കക്കിടയില്ലാതെ പ്രഖ്യാപിക്കുന്ന ദർശനമെന്നനിലക്ക്; 2) അത്പ്രയോഗവുമായിബന്ധപ്പെട്ട്മാത്രംപ്രസക്തമായഒരുശാസ്ത്രീയദർശനമെന്നനിലക്ക് 3) അതെക്കാലത്തേക്കും എല്ലായിടത്തേക്കുമായുള്ള മാറ്റമില്ലാത്ത വേദവാക്യ മാകുന്നതിനു പകരം, ലോകവും സ്ഥലകാലവും മാറുന്നതനും വികസിക്കുന്നതിനുമനുസരിച്ച് നിരന്തരം മാറ്റങ്ങൾക്കും വികാസങ്ങൾക്കും വിധേയമാക്കിക്കൊണ്ട് അനുസ്യൂതം വികസിപ്പിച്ചുകൊണ്ടേയിരിക്കുന്ന ലോകവീക്ഷണമെന്ന നിലക്ക്. സൈദ്ധാന്തികപഠനം കേവലമായ ജ്ഞാനസമ്പാദനമായോ അറിവുനേടുന്നതിനുള്ള ഉപാധിയായോ കമ്മ്യൂണിസ്റ്റുകാർ കാണുന്നില്ല. നേരത്തെ സൂചിപ്പിച്ചത് പോലെ, എല്ലാ തത്ത്വചിന്തകളും പ്രായോഗികവും യഥാർത്ഥലോകവുമായി, അതിന്റെ ചലനക്രമവുമായി ബന്ധപ്പെട്ടതുമായിരിക്കണമെന്ന നിലപാട് മാർക്സിസം ഉയർത്തി പ്പിടിക്കുന്നു. മാർക്സിന്റെ എക്കാലത്തേയും സുപ്രസിദ്ധമായ നിരീക്ഷണം ഇത് ഏറ്റവും വ്യക്തമായ രീതിയിൽ അവതരിപ്പിക്കുന്നു: ''തത്ത്വചിന്തകർ ലോകത്തെ എല്ലായ്പ്പോഴുംവിവിധരീതികളിൽവ്യാഖ്യാനിച്ചിട്ടുണ്ട്; എന്നിരുന്നാലും, അതിനെ മാറ്റുക എന്നതാണ്കാര്യം''. തത്വശാസ്ത്രം, രഷ്ട്രീയസാമ്പത്തികശാസ്ത്രം, വർഗ്ഗസമരം എന്നീ മൂന്ന് സുപ്രധാന ഘടകങ്ങളിൽ അടിസ്ഥാനപ്പെടുത്തിയ മാർക്സിസം ഒട്ട് മൊത്തത്തിൽ ലോകത്തിന്റെ ചലന ക്രമത്തേയും അതിലെ എല്ലാ സംഭവവികാസങ്ങളും ഉരുത്തിരിഞ്ഞുവന്ന മനുഷ്യ സമൂഹ ചരിത്രത്തിന്റെ കൂടി അടിസ്ഥാനത്തിൽ വിശകലനം ചെയ്യുന്നതിനും നിലവിലെ സാഹചര്യത്തെ മാറ്റി മുഴുവൻ മനുഷ്യരുടേയും വിമോചനത്തിനും പ്രകൃതിയുടെ സുസ്ഥിരമായ നിലനിൽപ്പോടെ എല്ലാ മനുഷ്യരുടേയും വികാസത്തിനും വേണ്ടി പ്രയോഗിക്കാനുമായുള്ള അതിശക്തമായ ആയുധമായി, ഉപകരണമായി കമ്മ്യൂണിസ്റ്റുകാർ കാണുന്നു.

മാർക്സിസത്തിന് മൂന്ന് ഘടകങ്ങളുണ്ട്. ആദ്യത്തേത് അതിന്റെ തത്ത്വ

ശാസ്ത്രമാണ്. വൈരുദ്ധ്യാത്മക ഭൗതികവാദമാണ്മാർക്സിസത്തിന്റെതത്വശാസ്ത്രം. മനുഷ്യ സമൂഹ ചരിത്രത്തെ സംബന്ധിച്ച് വൈരുദ്ധ്യാത്മക ഭൗതികവാദത്തെഅടിസ്ഥാനപ്പെടുത്തി നടത്തിയ നിർണ്ണായക കണ്ടെത്തലിലൂടെ വികസിപ്പിച്ച ചരിത്രപരമായ ഭൗതികവാദവുംചേർന്ന, വൈരുദ്ധ്യാത്മകവുംചരിത്രപരവുമായ ഭൗതികവാദമാണ്റ മാർക്സിസ്റ്റ് ത്വത്വശാസ്ത്രത്തിന്റെ അടിസ്ഥാന തത്വം. രണ്ടാമത്തേത്, ഒരു നിശ്ചിത സമൂഹത്തിന്റെ ഉത്പാദന ബന്ധങ്ങളുടെ ആകത്തുകയായി സാമ്പത്തിക അടിത്തറയെ കണ്ടെത്തിയ മാർക്സിസ്റ്റ് രാഷ്ട്രീയ സമ്പദ്ശാസ്ത്രം. അതിന്റെ ഭാഗമായി ചൂഷണത്തിന്റെ ഉറവിടവും അതിന്റെ അന്ത്യവും വെളിപ്പെടുത്തുന്ന മിച്ചമൂല്യ സിദ്ധാന്തം. മൂന്നാമത്തേത് വർഗസമരത്തിന്റെ സിദ്ധാന്തമാണ്. വർഗസമര സിദ്ധാന്തത്തെ അടിസ്ഥാനമാക്കി, മാർക്സിസം ശാസ്ത്രീയ സോഷ്യലിസത്തിന്റെ സിദ്ധാന്തം വികസിപ്പിച്ചെടുത്തു, അത് മനുഷ്യരാശിയുടെയും വർഗസമരത്തിന്റെയും ആത്യന്തിക ലക്ഷ്യം മുന്നോട്ടുക്കുകയും തൊഴിലാളിവർഗത്തിന്റെ വർഗസമര തന്ത്രങ്ങളെ സാഹചര്യങ്ങൾക്കനുസൃതമായി ചിട്ടപ്പെടുത്തുന്ന അടിസ്ഥാന തത്വങ്ങൾ വിശദീകരിക്കുകയും ചെയ്തു.

പത്തൊൻപതാം നൂറ്റാണ്ടിലെ മൂന്ന് പ്രധാന പ്രത്യയശാസ്ത്ര ധാരകൾ, അക്കാലത്തെ (പത്തൊൻപതാം നൂറ്റാണ്ടിലെ മധ്യദശകങ്ങളിലെ) ഏറ്റവും വികസിച്ച രാജ്യങ്ങളിൽനിന്ന് ക്ലാസിക്കൽ ജർമ്മൻ തത്വശാസ്ത്രത്തിൽ നിന്ന്മാർക്സിസ്റ്റ് തത്വശാസ്ത്രം, ക്ലാസിക്കൽ ഇംഗ്ലീഷ് രാഷ്ട്രീയ സമ്പദ്ശാസ്ത്രത്തിൽ നിന്ന് മാർക്സിസ്റ്റ് രാഷ്ട്രീയ സമ്പദ്ശാസ്ത്രം, ഫ്രഞ്ച് വിപ്ലവ സിദ്ധാന്തത്തിൽ നിന്ന് തൊഴിലാളിവർഗ്ഗ സമരസിദ്ധാന്തം വേർപ്പെടുത്തി വികസിപ്പിച്ച മഹാപ്രതിഭയായിരുന്നു മാർക്സ് എന്ന് 1913 ൽഅദ്ദേഹത്തിന്റെരാ ഷ്ട്രീയ ജീവിത ചരിത്രം എഴുതുമ്പോൾ ലെനിൻപ്രതിപാദിക്കുന്നുണ്ട്. ഒരർത്ഥത്തിൽ അതൊരു വസ്തുതയായിരിക്കുമ്പോൾ തന്നെ, അതുവരെ തങ്ങൾക്ക് ലഭ്യമായിരുന്ന മനുഷ്യരാശി സൃഷ്ടിച്ച മുഴുവൻ ചരിത്രരേഖകളേയും പഠനവിധേയമാക്കിക്കൊണ്ടാണ് മാർക്സും എംഗൽസും മാർക്സിസത്തിന് അടിത്തറയിട്ടതും പിന്നീടിക്കാലമത്രയും ലോകമെമ്പാടുമുള്ള മാർക്സിസ്റ്റുകൾ അർത്ഥ സമ്പുഷ്ടമാക്കി കൊണ്ടിരിക്കുന്നതുമെന്നതും ഒരു യാഥാർത്ഥ്യമാണ്.

ലോക തൊഴിലാളിവർഗ്ഗ പ്രസ്ഥാനത്തിന്റെ സിദ്ധാന്തവും പരിപാടിയും എന്ന നിലയിൽ, ആധുനിക ഭൗതികവാദവും ആധുനിക ശാസ്ത്രീയ സോഷ്യലിസവും സമ്പൂർണ്ണമായി ഉൾക്കൊള്ളുന്ന കാഴ്ചപ്പാടുകൾ, എതിരാളികൾ പോലും അംഗീകരിക്കുകയും സ്വാധീനിക്കപ്പെടുകയും ചെയ്യുന്നതരത്തിൽ, സമഗ്രതയോടെ മുന്നോട്ടുവെക്കാൻ കഴിഞ്ഞു എന്നതാണ് മാർക്സിസത്തിന്റെ പ്രാധാന്യം. മാനവരാശിയുടെ വിപ്ലവ ദർശനവും സാമൂഹിക ശാസ്ത്രവും ലോക വീക്ഷണവുമായ മാർക്സിസത്തിന്റെ മൂന്ന് ഘടകങ്ങളിൽ ഒന്നാമത്തേതായ, അതിന്റെ തത്വശാസ്ത്രത്തിന്റെ അടിസ്ഥാന തത്വത്തെ സംബന്ധിച്ചതാണ് നമ്മുടെ ഈവർഷത്തെ പാർട്ടി സ്കൂളിന്റെ മൂന്നാമത്തെ പഠനവിഷയം.

## തത്വശാസ്ത്രം

എല്ലാ തത്ത്വചിന്തകളും, വിശാലാർത്ഥത്തിൽ, അടിസ്ഥാനപരമായി രണ്ടായി വിഭജിക്കപ്പെട്ടിരിക്കുന്നു – ആശയവാദവും ഭൗതികവാദവും. ഏതാണ് പ്രാഥമികം – ചേതന/മനസ്സ്/ബോധംഅല്ലെങ്കിൽപ്രകൃതി / ഭൗതികത/അസ്തിത്വം– എന്ന ചോദ്യത്തെ അടിസ്ഥാനപ്പെടുത്തിയാണ് ഈവിഭജനം. ആത്മാവാണ്/ചേതനയാണ് പ്രാഥമികമെന്ന നിലപാട് സ്വീകരിക്കുന്നവർ ആശയവാദത്തിന്റെ പാളയത്തിൽ പെടുന്നു, അതേസമയം പ്രകൃതിയാണ്/ഭൗതികതയാണ് പ്രാഥമികമെന്ന നിലപാട്

സ്വീകരിക്കുന്നവർഭൗതികവാദത്തിന്റെപാളയത്തിൽപെടുന്നു.

മനുഷ്യ രാശിയുടെ, അഥവാസാമൂഹ്യവൽക്കരിക്ക പ്പെട്ടമനുഷ്യരാശിയുടെ,ആദ്യഘ ട്ടം മുതലേമ നുഷ്യന്റെ ചിന്തയും അതിൽ നിന്നുടലെടുത്ത ആശയങ്ങളും മനുഷ്യരാശിയുടെ തുടർചലനങ്ങളെ സ്വാധീനിക്കാൻ തുടങ്ങി. മനുഷ്യന്റെ വളരെയേറെ പരിമിതമായ അറിവുകളും ബോധനിലവാരവും പ്രാഥമിക മനുഷ്യ സമൂഹത്തിൽ പ്രകൃതിയും അതിന്റെ ചലന നിയമങ്ങളും മറ്റൊരു ശക്തിയുടെ നിയന്ത്രണത്തിലെന്ന ആശയവും ഭാവനകളും വിവിധ സ്വഭാവങ്ങളിലുള്ള അന്ധവിശ്വാസങ്ങളും ആധിപത്യം സ്ഥാപിച്ചു. മനുഷ്യന്റെബോധമാണ്, ആത്മാവാണ് പ്രകൃതിയും അതിന്റെ നിലനിൽപ്പുമെന്ന ആശയവാദത്തിന്റെ, അഥവാ മനുഷ്യരുടെ ബോധത്തിലുള്ളതാണ് പ്രപഞ്ചവും ചുറ്റുപാടുകളിലെ ലോകവുമെന്ന ആശയവാദത്തിന്റെ നിരവധി ധാരകളുടെ വികാസത്തിനും അതിലധിഷ്ഠിതമായ നിരവധി മതാശയങ്ങൾക്കും പിന്നീടുള്ള മനുഷ്യ സമൂഹത്തിൽ വലിയസ്വാധീനം ലഭിച്ചു.

മനുഷ്യന്റെ ചിന്തയും അന്വേഷണങ്ങങ്ങളും അതുവഴി ആർജ്ജിച്ചെടുക്കുന്ന അറിവുകളും വികസിക്കുന്നമുറക്ക്, ഭൗതികലോകത്തിന്റെ, പ്രകൃതിയുടെ യഥാതതമായ നിലനിൽപ്പിനേയും അതിന്റെ ചലനത്തേയും സംബന്ധിച്ച ആശയവും മറുവശത്ത് വികസിച്ചുന്നു. മനുഷ്യന്റെ ബോധവും ആശയവും ഉടലെടുക്കും മുൻപേ തന്നെ പ്രകൃതിയും ലോകവും അതിലെ നിരവധിയായ ജീവജാലങ്ങളും ചരാചരങ്ങളും നിലനിക്കുന്നുവെന്നും മനുഷ്യന്റെതലച്ചോറും അതുത്പാദിപ്പിക്കുന്ന ചിന്തയും ആശയവും ഭൗതികമായ മനുഷ്യന്റെ സൃഷ്ടിയാണെന്നും വിലയിരുത്തുന്ന ഭൗതികവാദ ചിന്താധാരകളും വികസിച്ചുവന്നു. ആശയവാദം പൊതുവിൽ അതാതു കാലങ്ങളിൽ നിലനിന്ന ആധിപ ത്യ വ്യവസ്ഥയുടെ തത്വചിന്തയായും ഭൗതികവാദം മനുഷ്യരാശിയുടെ പുരോഗതിക്കും ശാസ്ത്രീയ വികാസത്തിനും വേണ്ടി നിലകൊള്ളുന്ന തത്വചിന്തയായും പൊതുവിൽ നിലനിന്ന്പോന്നു.

മാർക്സും എംഗൽസും ദ്രവ്യം/വസ്തു/ഭൗതികത പ്രാഥമികമാണെന്ന് സ്ഥാപിക്കുക മാത്രമല്ല, അതേ സമയം ദ്രവ്യവും മനസ്സുംതമ്മിലുള്ള / അസ്തിത്വവും ബോധവും തമ്മിലുള്ള ശാസ്ത്രീയ ബന്ധത്തെ വിശകലനം ചെയ്യുകയും അതിലൂടെ സാമൂഹിക വികസനത്തിന്റെയും പ്രകൃതിയുടെയും നിയമം സ്ഥാപിക്കുകയും ചെയ്തു. മുൻകാല ഭൗതികവാദികളായ തത്ത്വചിന്തകരെല്ലാം ഒന്നുകിൽ ദ്വൈതവാദത്തിലേക്ക് വീണു അല്ലെങ്കിൽ അസ്തിത്വവും ബോധവും തമ്മിലുള്ള ബന്ധത്തെ യാന്ത്രികമായി വിശകലനം ചെയ്തു. അങ്ങനെ, അവർക്ക് ഒന്നുകിൽ ദ്രവ്യത്തിന്റെ പ്രഥമസ്ഥാനം സ്ഥാപിക്കാൻ കഴിഞ്ഞില്ല അല്ലെങ്കിൽ മനുഷ്യർ ഉൾപ്പെടെയുള്ള എല്ലാ ജീവജാലങ്ങളെയും അവർ യന്ത്രങ്ങളായി കരുതി! മാർക്സും എംഗൽസും ഭൗതികവാദത്തിന്റെ പാളയത്തിൽ മാർക്സിസ്റ്റ് തത്ത്വചിന്തയെ ദൃഢമായി സ്ഥാപിച്ചത് സ്വാഭാവികമാണ്. അതേസമയം, ബൂർഷ്വാ ജനാധിപത്യ വിപ്ലവങ്ങളുടേയും വ്യവസായിക വിപ്ല വങ്ങളുടേയും അനുബന്ധമായി വികസിച്ചു വന്ന വിവിധ ആശയവാദ-ഭൗതികവാദ ചിന്താധാരകൾ അതിശക്തമായി ഏറ്റുമുട്ടിയിരുന്ന പത്തൊൻപതാം നൂറ്റാണ്ടിന്റെ മധ്യത്തിൽ, യൂറോപ്പിൽ പൊതുവായും ജർമ്മനിയിൽ സവിശേഷമായും വളരെയേറെ മുന്നേറിയിരുന്ന ആശയ വാദ ചിന്താധാരയെ, അതിലേറ്റവും കൂടുതൽ സ്വാധീനം ചെലുത്തിയിരുന്ന ഹെഗലിയൻ ആശയവാദത്തെ( ജർമ്മൻ ആശയവാദ തത്വചിന്തകനായിരുന്ന ജോർജ്ജ് വിൽഹെം ഫ്രെഡറിക് ഹെഗൽ) വളരെയേറെ ആഴത്തിൽ പഠിച്ചുകൊണ്ടു ംഹെഗലിയൻ ചിന്താധാരകളിൽ നിനിന്ന് വേറിട്ട്പോന്ന ഫ്യൂയർബാക്ക് അടക്കമുള്ള അക്കാലത്തെ ഭൗതികവാദ ചിന്തകരുടെ പരിമിതികളെ മനസ്സിലാക്കിയും തുറന്ന്കാട്ടിയുമാണ് മാർക്സും എംഗൽസും

തൊഴിലാളിവർഗ്ഗത്തിന്റേയും മർദ്ദിത ജനതയുടേയും വിമോച നത്തിനു വേണ്ടിയുള്ള തത്വചിന്തയായി വൈരുദ്ധ്യാത്മിക ഭൗതികവാദതത്വചിന്തയും അതിന്റെ അടിസ്ഥാന തത്വങ്ങളും വികസിപ്പിച്ചെടുത്തത്.

## വൈരുദ്ധ്യാത്മക ഭൗതികവാദത്തിന്റെ ഉത്ഭവം

ഫ്യൂയർബാക്കിന്റെയും അക്കാലത്തെ മറ്റ്ഭൗതികവാദ തത്ത്വചിന്തകരുടെയും രചനകൾമാർക്സിനേയും എംഗൽസിനേയും തീർച്ചയായും സ്വാധീനിക്കുകയും സഹായിക്കുകയും ചെയ്തു. എന്നിരുന്നാലും, ഈ തത്ത്വചിന്തകർ തത്വചിന്തയേയും ഭൗതികവാദ ചിന്തകളേയും സമീപിച്ചിരുന്നതും കൈകാര്യം ചെയ്തിരുന്നതും യാന്ത്രികമായിട്ടായിരുന്നു. ആശയവാദ തത്വചിന്താധാരകളോടേറ്റുമുട്ടുന്നതിൽ ഇവർക്കുള്ള പരിമിതി മാർക്സ് ശരിയായി മനസ്സിലാക്കുകയും യ ാന്ത്രികവാദ ഭൗതികവാദത്തെ തള്ളിക്കളഞ്ഞ് മരുഷ്യരാശിയുടെ പിന്നീടങ്ങോട്ടുള്ള പയാണത്തിനായി പൊതുചലന നിയമങ്ങളെ സംബന്ധിച്ചസിദ്ധാന്തമായി, ശാസ്ത്ര മായി വൈരുദ്ധ്യാത്മക ഭൗതികവാദദർശനത്ത ിന്അടിത്തറപാകുകയും ചെയ്തു. വൈരുദ്ധ്യാത്മകതയുടെ സാരം അത് അവയുടെ പരസ്പരബന്ധങ്ങളിലും വൈരുദ്ധ്യങ്ങളിലുംകാര്യങ്ങൾ മനസ്സിലാക്കുന്നു എന്നതാണ്. അക്കാലത്ത് ഹെഗലിന്റെ തത്ത്വചിന്തയും ആശയവാദത്തിലധിഷ്ഠിതമായ വൈ വരുദ്ധ്യാത്മക നിയമങ്ങളും യൂറോപ്പിലെ ഏറ്റവും പുരോഗമിച്ച തത്വചിന്തയായിരുന്നു, മാർക്സ് അത് ആഴത്തിലുള്ള പഠനത്തിന് വിധേയമാക്കുകയും ചെയ്തിരുന്നു. എന്നാൽ ഹെഗൽതന്റെ ദാർശനിക നിയമങ്ങളെ ചിന്താമണ്ഡലത്തിന് മാത്രം ബാധകമാക്കിക്കൊണ്ട് ആശയവാദപരമായ രീതിയിൽ വികസിപ്പിച്ചെടുത്തു. ആശയവാദത്തിന്റെ പാളയത്തിൽ ഉൾപ്പെട്ട അദ്ദേഹം പ്രകൃതിയും ഭൗതിക സാമൂഹിക ജീവിയും പ്രാഥമികമാണെന്നും ആത്മാവും ആശയങ്ങളും ദ്വിതീയമാണെന്നും തിരിച്ചറിയാൻ വിസമ്മതിച്ചു. തന്റെ ചിന്താസമ്പ്രദായം തന്നെ മനുഷ്യസ മൂഹത്തിന്റെ ഒരു നിശ്ചിത ഘട്ടത്തിലേക്കുള്ള വികാസത്തിന്റെ ഫലമാണെന്ന് അദ്ദേഹം അംഗീകരിച്ചില്ല. തന്റെ ചിന്താനിയമങ്ങൾ പ്രകൃതിയുടെയും സമൂഹത്തിന്റെയും നിയമങ്ങളുടെ പ്രതിഫലനങ്ങളാണെന്ന് മനസ്സിലാക്കാൻ അദ്ദേഹം വിസമ്മതിച്ചു. ആശയവാദ ത്തിലധിഷ്ഠിധമായതിനാൽ, ഹെഗലിയൻവൈരുദ്ധ്യാത്മകത, തലകുത്തി നിൽക്കുന്നുവെന്ന് മാർക്സ് വിശേഷിപ്പിച്ചത് അതുകൊണ്ടാണ്. അതേസമയം വൈരുദ്ധ്യാത്മക ഭൗതികവാദതത്വം വികസിപ്പിക്കുന്നതിൽ മാർക്സ് ഉൾക്കൊണ്ടതും ഹെഗലിനെയും കൂടിയാണ്. മാർക്സ് ഹെഗലിന്റെ വൈരുദ്ധ്യാത്മക നിയമങ്ങൾ സ്വീകരിക്കുകയും അവയ്ക്ക് ഭൗതികവാദ തത്വശാസ്ത്രത്തിന്റെ സമീപനം നൽകുക യും ചെയ്തു. ഹെഗലിന്റെ ചിന്താനിയമങ്ങളെ പ്രകൃതിയുടെയും സമൂഹത്തിന്റെയും നിയമങ്ങളാക്കി മാർക്സ്വികസിപ്പിച്ചു. മാർക്സിസ്റ്റ്ത ത്വചിന്തയുടെ അന്തഃസത്തയായ വൈരുദ്ധ്യാത്മക ഭൗതികവാദം രൂപപ്പെടുത്തുന്നതിൽ അത് നിർണ്ണായക പങ്ക് വഹിച്ചു. വൈരുദ്ധ്യാത്മകതയ്ക്ക് യുക്തിസഹവും ഭൗതികവുമായ അടിത്തറ നൽകിക്കൊണ്ട് മാർക്സ് അതിനെ വിപ്ലവത്തിന്റെ തത്വശാസ്ത്രമാക്കി മാറ്റി.

## വൈരുദ്ധ്യാത്മകഭൗതികവാദം

പ്രബഞ്ചത്തിൽ നിലനിൽക്കുന്ന സകലതും ഭൗതികമാണ്. അവയെല്ലാം പരസ്പരബന്ധിതവും നിരന്തരമായ ചലനങ്ങൾക്കും മാറ്റങ്ങൾക്കും വിധേയവുമാണ്. അവയെല്ലാം തന്നെ പരസ്പരബന്ധിതവും പ രസ്പരാശ്രിതവുമായ പരമാണുവിനാൽ നിർമ്മിതമായ പദാർത്ഥങ്ങളിൽ നിന്നുൽഭവം കൊണ്ടതാണ്. ഓരോ വസ്തു അടക്കം പ്രബഞ്ചത്തിലെ സർവ്വചരാചരങ്ങളുടെയും നിലനിൽപ്പ് ചലനത്തിലാണ്. ചലനമില്ലാതെ വസ്തുവിന് നിലനിൽപ്പില്ല; വസ്തുവില്ലാതെ ചലനവും സാധ്യമല്ല. ഓരോ പദാർത്ഥ ത്തിന്റേയും വസ്തുവിന്റേയും സകല ചരാചരങ്ങളുടേയും സാമൂഹിക, പ്രകൃതി പ്രതിഭാസങ്ങളുടേയും നിലനില്പിന്റെ അടിസ്ഥാനം അവയിൽ ഉള്ളടങ്ങിയിട്ടുള്ള വിരുദ്ധങ്ങളുടെ ഐക്യമാണ്; ഓരോപദാർത്ഥത്തിന്റേയും വസ്തുവിന്റേയും സകല ചരാചരങ്ങളുടേയും സാമൂഹിക,പ്രകൃതി പ്രതിഭാസങ്ങളുടേയും നിരന്തര വികാസത്തിന്റെ, ചലനത്തിന്റെ, മാറ്റത്തിന്റെഅടിസ്ഥാനംഓരോന്നിന്നും (ഓരോ വസ്തുവിനോ, നിശ്ചിത സവിശേഷതക്കോ പൊതുവായോ) ഉള്ളിലും പുറത്തു മുള്ള എകീകരിക്കപ്പെട്ട പരസ്പര ബന്ധിതമായ വിരുദ്ധങ്ങളുടെ നിരന്തര പ്രതിപ്രവർ ത്തനമാണ്. ഈ അടി സ്ഥാന തത്വം മനുഷ്യ സമൂഹ ത്തിനും അതിന്റെ ചരിത്രത്തി നും ശാസ്ത്രത്തിനും അടക്കം എല്ലാ പ്രകൃതി പ്രതിഭാസങ്ങൾക്കും ചരാചരങ്ങൾക്കും ബാധകമാണ്. ഇതാണ് വൈരുദ്ധ്യാത്മക ഭൗതികവാദത്തിന്റെ സത്ത.

ഈ സത്തയെ അല്പം വിശദമാക്കിയാൽ :

എല്ലാംഭൗതികമാണ്. പ്രബഞ്ചം, പ്രകൃതി, മനുഷ്യൻ,സമൂഹം, ജീവജാലകങ്ങൾ, ചരാചരങ്ങൾ, പ്രപഞ്ച-പ്രകൃതി പ്രതിഭാസങ്ങൾ എല്ലാം നിലനിൽക്കുന്നത് ഭൗതികമായാണ്. മനസ്സും ചിന്തയും ബോധവും എല്ലാം ഭൗതികതയുടെ ഉല്പന്നങ്ങൾ തന്നെ. പ്രപഞ്ചം മുഴുവൻ ഉള്ളടങ്ങിയിരിക്കുന്ന സകലതും, സകല വസ്തുവും ചിന്തയും ബോധവും എല്ലാ പ്രകൃതി പ്രപഞ്ച പ്രതിഭ ാസങ്ങളും പദാർത്ഥത്തിൽ നിന്ന് ഉരവം കൊണ്ടതും പരസ്പര ബന്ധിതവും പരസ്പരാശ്രിതവുമാണ്. ഓരോ വസ്തുവും ഓരോ സവിശേഷ പ്രതി ഭാസവും ഒരുനിശ്ചിത സമൂഹവും തുടങ്ങി പ്രപഞ്ചത്തിലെ സകലതും തന്നെ ആ അർത്ഥത്തിൽ ആകെ മൊത്തവും അതും അ തിനുപുറത്തുള്ള ലോകവുമായി പരസ്പരം ബന്ധപ്പെട്ട് കിടക്കുന്നതും ആശ്രിതപ്പെട്ട് കിടക്കുന്നതുമാണ്. ഈ പരസ്പര ബന്ധങ്ങൾ സാർവ്വത്രികവും സവിശേഷ സാഹചര്യങ്ങൾക്കനുസരിച്ച് സവിശേഷ ബന്ധങ്ങൾ പുലർത്തുകയും ചെയ്യുന്നു. മനസ്സും ചിന്തയും ബോധവുമടക്കം ഭൗതിക സാഹചര്യങ്ങളുടെയും അതിന്റെ ചലന/വികാസക്രമങ്ങളാൽ ഭൗതികമായി ഉടലെടുത്തതും അവയുടെ പ്രതിപ്രവർത്തനങ്ങളാൽ വികാസം കൊണ്ടിരിക്കുന്നവയുമാണ്. എണ്ണമറ്റ കണ്ടെത്തലുകളും ശാസ്ത്രശാഖകളും വിവിധ പ്രതിഭാസങ്ങളും ഭൗതികമായിതന്നെ നിലനിന്നിരുന്നതോ സവിശേഷമായി പരസ്പപര ബന്ധിതമായ ഭൗതിക മായ പ്രതിപ്രവർത്തനങ്ങളാൽ ഭൗതികമായി കണ്ടെത്തിയ പ്രതിഭാസങ്ങളോ ആണ്. ഇവയെല്ലാം സകലതും നിലനിൽക്കുന്നത് ചലനാത്മകമായാണ്. എല്ലാം തന്നെ വികാസങ്ങൾക്കും മാറ്റങ്ങൾക്കും വിധേയമാണ്. മാറ്റം എന്ന പ്രതിഭാസമല്ലാതെ, മാറ്റങ്ങൾക്ക് വിധേയമാകാത്ത യാതൊന്നും പ്രബഞ്ചത്തിലില്ല. പ്രബഞ്ചത്തിലെ സകലതും നിരന്തരം ചലനത്തിന്, വികാസത്തിന്, മാറ്റത്തിന് അഥവാ പരിവർത്തനത്തിന് വിധേയമായിക്കൊണ്ടേയിരിക്കുന്നു. ആറ്റങ്ങൾക്കുള്ളിലെ പ്രതിപ്രവർത്തനത്തിന്റെ ഫലമായി പദാർത്ഥത്തിൽനിന്ന്ഒരുസവിശേഷസാഹചര്യത്തിൽ, അവയിൽ നടന്ന മാറ്റത്തിന്റെ പരിവർത്തനത്തിന്റെ, പരിണാമത്തിന്റെ ഭാഗമായി ഏകകോശജീവി ഉടലെടുക്കുന്നു. യുഗങ്ങളിലൂടെ ബഹുകോശജീവിയായും നിരവധിസസ്യ-ജന്തുജാലകങ്ങളായും

വികസിച്ച്, പരിണാമപ്പെട്ട് മനുഷ്യരടക്കമുള്ള ജീവിസമൂഹങ്ങളായും വികസിച്ചുകൊണ്ടേയിരിക്കുന്നു. മനുഷ്യജീവിയുടെ പരിണാമചരിത്രവും സാമൂഹ്യവൽക്കരിക്കപ്പെട്ട മനുഷ്യരാശിയുടെ, അഥവാ മനുഷ്യ സമൂഹത്തിന്റെ ചരിത്രവും ഇപ്രകാരം നിരന്തരമാറ്റങ്ങൾക്ക്, പരിവർത്തനങ്ങൾക്ക്, വികാസങ്ങൾക്ക് വിധേയമായിക്കൊണ്ടേയിരിക്കുന്നു. ഊർജ്ജതന്ത്രവും ഗണിതശാസ്ത്രവും രസതന്ത്രവുമടക്കം എല്ലാ ശാസ്ത്രശാഖകളും ജ്ഞാനശാഖകളുംമാറ്റങ്ങൾക്ക്, വികാസ പരിണാമങ്ങൾക്ക് വിധേയമാകുന്നു. സകലതും മാറ്റങ്ങൾക്ക്/പരിണാമങ്ങൾക്ക് വിധേയമാകുമ്പോൾ ഒന്നും സമ്പൂർണ്ണമായി അപ്രത്യക്ഷമാവുകയല്ല; ഒന്നിൽനിന്ന് മറ്റൊന്നായിമാറുകയാണ്, ഒന്നിന്റെ സമ്പൂർണ്ണ നാശം മറ്റൊന്നിന്റെ ഉദയമാകുന്നു. മാറ്റം എപ്പോഴും ഒരുപോലെ നേർരേഖയിൽ സംഭവിക്കുന്ന ഒന്നല്ല, മാറ്റങ്ങൾക്ക് നിദാനമാകുന്ന ഭൗതിക സാഹചര്യങ്ങൾ മാറ്റത്തിന്റെഗതി/സ്വഭാവത്തെ നിർണ്ണയിക്കുന്നു. ഓരോ വസ്തുവും പ്രതിഭാസങ്ങളും അവ പുറംലോകവുമായി പുലർത്തുന്ന പരസ്പരാശ്രിത ബന്ധങ്ങളുടെ സ്വഭാവവും ഈ തത്വത്തിന്റെ അടിസ്ഥാനത്തിൽ തന്നെ മാറ്റങ്ങൾക്ക് വിധേയമാകുന്നു.

പ്രബഞ്ചവും അതിലടങ്ങിയിട്ടുള്ള ഓരോവസ്തുവും ഓരോ പ്രതിഭാസങ്ങളും അവയോരോന്നിലും ഉള്ളടങ്ങിയിട്ടുള്ള വിരുദ്ധ ഘടകങ്ങളാൽ നിൽകൊള്ളുന്നു. ഓരോന്നിന്റേയും ഒരു നിശ്ചിത സമയത്തെ ഭൗതികമായ നിലനിൽപ്പ് അവയോരോന്നിനുമകത്തുള്ള വിരുദ്ധങ്ങളുടേയും അവ അതിനു പുറത്തെ ലോകവുമായി ബന്ധപ്പെടുന്നവയിലെ വിരുദ്ധ ഘടകങ്ങളുമായി ഒരു നിശ്ചിത സ്വഭാവത്തിൽ പുലർത്തുന്ന ഈ വിരുദ്ധങ്ങളുടെ ഐക്യത്തെ അടിസ്ഥാനപ്പെടുത്തിയാണ്. ഓരോ വസ്തുവിലും പ്രതിഭാസത്തിലും ഉള്ളടങ്ങിയിട്ടുള്ള വിരുദ്ധങ്ങൾ തമ്മിലും അവയോരോന്നും ബന്ധപ്പെട്ടു കിടക്കുന്ന പുറംലോകത്തെ വിരുദ്ധങ്ങളും തമ്മിലുമുള്ള നിരന്തര സംഘർഷമാണ് അവയുടെയെല്ലാം ചലനങ്ങൾക്ക്, അവയുടെയെല്ലാം വികാസ പരിണാമങ്ങൾക്ക്, അവയുടെ മാറ്റങ്ങൾക്ക് നിദാനമാകുന്നത്; സംഘർഷത്തിലേർപ്പെടുന്ന വിരുദ്ധങ്ങളുടെ ബലാബലത്തിൽ വരുന്ന നിശ്ചിതമാറ്റങ്ങളാണ് നിശ്ചിത ഘട്ടത്തിലെ നിശ്ചിത വസ്തുവിൽ വരുന്ന മാറ്റത്തിന്റെ സ്വഭാവം നിർണ്ണയിക്കുന്നത്. ഒരു പദാർത്ഥത്തിന്റെ അടിസ്ഥാന ഘടകമായ പരമാണുവിനകത്തെ ഇലക്ട്രോണും പ്രോട്ടോണും തമ്മിൽ, ഒരുജീവകോശത്തിന്റെ അടിസ്ഥാനമായ കോശ അറ ക്കകത്തെ ന്യൂക്ലിയസ്സും സൈറ്റൊപ്ലാസയും തമ്മിൽ, ജലത്തിലെ പോസിറ്റീവ് നെഗറ്റീവ് ചാർജ്ജുള്ള ഹൈഡ്രജന്റേയും ഓക്സിജന്റേയും അണുക്കളടങ്ങിയ ജലതന്മാത്രകളുടെ കണങ്ങളിൽ അവക്ക് പുറത്തെ ചൂടിന്റേയോ തണുപ്പിന്റേയോ വിരുദ്ധങ്ങൾ തമ്മിൽ, വിവിധ ജീവജാലകങ്ങൾ തമ്മിൽ, മനുഷ്യ സമൂഹത്തിനകത്തെ വർഗ്ഗങ്ങൾ തമ്മിൽ, ചിന്തകളിലെ വിരുദ്ധ നിഗമനങ്ങൾ തമ്മിൽ, എല്ലാത്തിലും വിരുദ്ധങ്ങളുടെ ഐക്യവും സമരവുമെന്ന തത്വം നിലനിൽക്കുന്നു. ചുരുക്കത്തിൽ സകലതിന്റേയും നിലനിൽപ്പും അവയുടെ വികാസ പരിണാമങ്ങളും ഈ വിരുദ്ധങ്ങളുടെ സംഘർഷങ്ങളുടേയും നിശ്ചിത സ്വഭാവത്തിലുള്ള ഐക്യത്തിലുമാണ് അടിസ്ഥാനപ്പെടുത്തിയിട്ടുള്ളത്.

മാർക്സും എംഗൽസും ഈഅടിസ്ഥാനതത്വത്തെ പ്രധാനമായും മൂന്ന് സാർവ്വലൗകിക സ്വഭാവമുള്ള വൈരുദ്ധ്യാത്മക വികസന/ചലന നിയമങ്ങളായി വിശദീകരിച്ചു.

1. വിപരീതങ്ങളുടെഐക്യത്തിന്റേയുംസംഘട്ടനത്തിന്റേയുംനിയമം

എല്ലാ വികസനത്തിലും എല്ലാ വസ്തുവിലും വിപരീതങ്ങളുടെ ഉള്ളടക്കവും അവയുടെ വൈരുദ്ധ്യവും സാർവത്രികമാണ്. ഓരോ വസ്തുവും പ്രതിഭാസവും ഒരു നിശ്ചിത ഘട്ടത്തിൽ

ഭൗതികമായി നിലനിൽക്കുന്നത് ഈ വിപരീത ഉള്ളടക്കത്തിന്റെ ഐക്യത്തോടെയാണ്. ഓരോ വസ്തുവിനകത്തും ഓരോ പ്രതിഭാസത്തിനകത്തും അതിനു പുറത്തുമുള്ള പ്രബഞ്ചത്തിലെ വിരുദ്ധങ്ങളുടെ ബലാബലത്തിൽ വരുന്ന മാറ്റങ്ങൾക്കനുസരിച്ച്, അവ തമ്മിലുള്ള സംഘർഷത്തിന്റെ സ്വഭാവവും തോതുമനുസരിച്ച് ഓരോവസ്തുവും പ്രതിഭാസവും ചലങ്ങൾക്ക്, വികാസങ്ങൾക്ക്, മാറ്റങ്ങൾക്ക് വിധേയമാകുന്നു.

2. അളവുപരമായ മാറ്റത്തെ ഗുണപരമായ മാറ്റങ്ങളാക്കി മാറ്റുന്ന നിയമം

ഓരോ വസ്തുവിലും, ഓരോപ്രതിഭാസത്തിലും (ദ്രുതഗതിയിലോ സാവധാനത്തിലോ) സംഭവിക്കുന്ന മാറ്റം പ്രകടമാകുന്നത് അതിലെ വിരുദ്ധങ്ങളുടെ ബലാബലങ്ങളുടെ ഗുണപരതയിലേക്കുള്ള അളവുപരമായ മാറ്റത്തിന്റെ അടിസ്ഥാനത്തിലാണ്. ജലം നീരാവിയും ഐസുമാകുന്നതിൽ ചൂടും തണുപ്പും തമ്മിലുള്ള വിരുദ്ധങ്ങളുടെ അളവ്പരമായ മാറ്റത്തെ അടിസ്ഥാനപ്പെടുത്തുന്നത് ലളിതമായ ഒരു ഉദാഹരണമായി പറയാം. സമൂഹഘടനയിലെ ഉദാഹരണമായി പറയുമ്പോൾ, ഒരു സമൂഹത്തിലെ ഗുണപരമായ മാറ്റം സംഭവിക്കുന്നത് ആ സമൂഹത്തിലെ വിരുദ്ധ വർഗ്ഗങ്ങളുടെ ബലാബലങ്ങളിൽ, അഥവാ നിശ്ചിത സമൂഹത്തിലെ സർവ്വമേഖലകളിലും വിരുദ്ധ വർഗ്ഗങ്ങളുടെ ആധിപത്യത്തിലെ മാറ്റം, അളവുപരമായിമാറുമ്പോഴാണ്.

3. നിഷേധത്തിന്റെനിഷേധനിയമം

വൈരുദ്ധ്യാത്മകതയുടെ ഈ സാർവ്വത്രിക നിയമവും മാർക്സിസം ഉൾകൊള്ളുന്നത് ഹെഗലിയൻ വൈരുദ്ധ്യാത്മകതയിലെ നിഷേധത്തിന്റെ നിഷേധ നിയമത്തിൽ നിന്ന് തന്നെയാണ്. പക്ഷേ, ആശയവാദപരമായ അടിത്തറയിലായതിനാലുള്ള അതിന്റെ പരിമിതിയെ മറികടന്ന് മാർക്സ് വൈരുദ്ധ്യാത്മക ഭൗതികവാദ വീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ നിഷേധത്തിന്റെ നിഷേധമെന്ന സാർവ്വത്രിക വൈരുദ്ധ്യാത്മക ചലന നിയമത്തെ വികസിപ്പിച്ചു. നിഷേധത്തിന്റെ നിഷേധ നിയമമനുസരിച്ച്, വികസനം/ചലനം/മാറ്റം ചാക്രികമായാണ്നടക്കുന്നത്, അവയിൽ ഓരോന്നും മൂന്ന് ഘട്ടങ്ങൾ ഉൾക്കൊള്ളുന്നു: ആദ്യഘട്ടംവസ്തുവിന്റെ നിശ്ചിത സമയത്തെ യഥാർത്ഥഅവസ്ഥ, രണ്ടാംഘട്ടം അതിന്റെ വിപരീതത്തിലേക്കുള്ള പരിവർത്തനം (അതായത്, അതിന്റെ നിഷേധം), മൂന്നാംഘട്ടംഅതിന്റെയും പരിവർത്തനം അഥവാ ആദ്യത്തെ വിപരീതം സ്വന്തം വിപരീതത്തിലേക്ക്. അതിനർത്ഥം മൂന്നാംഘട്ടത്തിൽ ആദ്യഘട്ടത്തിലെ വസ്തു അതേപടി തിരിച്ചു വരുന്നു എന്നല്ല, ഒരുഘട്ടവും അതേപടി ആവർത്തിക്കുന്നില്ല, രണ്ടാം നിയമത്തിലെ അളവിന്റെ ഗുണപരതയിലേക്കുള്ള മാറ്റത്തോടെ വിപരീതങ്ങളുടെ ഉള്ളടക്കം പഴേ പടിയായി നിലനിൽക്കുന്നില്ല. പരസ്പരബന്ധിതമായ സംക്രമണങ്ങളുടെ ഒരു ശൃംഖലയിലൂടെയുള്ള ഒരു സമഗ്രവും താരതമ്യേന പൂർണ്ണവുമായ വികസന പ്രക്രിയയിൽ മാത്രമേ നിഷേധത്തിന്റെ നിഷേധ നിയമത്തിന്റെ പ്രഭാവം പൂർണ്ണമായി വെളിപ്പെടുത്തുകയുള്ളൂ. ഓരോ പ്രത്യേക ഘട്ടത്തിലും, നിഷേധത്തിന്റെ നിഷേധ നിയമം സാധാരണയായി ഒരു പ്രവണതയായി മാത്രമേ വെളിപ്പെടുത്തുകയുള്ളൂ.

സാർവത്രികമായ ഈ മൂന്ന് വൈരുദ്ധ്യാത്മക വികസന/ചലനനിയമങ്ങൾ വസ്തുവിന്റെ, സമൂഹത്തിന്റെ, പ്രകൃതി പ്രതിഭാസങ്ങളുടെയടക്കം സകലതിന്റേയും വികാസത്തെ/മാറ്റത്തെ/ചലനത്തെ സംബന്ധിച്ച മൂന്ന് സവിശേഷതകളെ പ്രതിനിധീകരിക്കുന്നു. വിപരീതങ്ങളുടെ സംഘർഷത്തിന്റേയും ഐക്യത്തിന്റെയും നിയമം

വികസനത്തിന്റെ/മാറ്റത്തിന്റെ ഉറവിടം വെളിപ്പെടുത്തുന്നുവെങ്കിൽ, അളവ് മാറ്റങ്ങളെ ഗുണപരമായ മാറ്റങ്ങളാക്കി മാറ്റുന്നത് സംബന്ധിച്ച നിയമം വികസനത്തിന്റെ/മാറ്റത്തിന്റെ സംവിധാനം/ഉള്ളടക്കം വെളിപ്പെടുത്തുന്നുവെങ്കിൽ, നിഷേധത്തിന്റെനിഷേധ നിയമം വികസനത്തിന്റെ/മാറ്റത്തിന്റെ ദിശ, രൂപം, ഫലം എന്നിവ പ്രകടിപ്പിക്കുന്നു.

ഒരു നിശ്ചിത വികസനത്തെ/മാറ്റത്തെ സംബന്ധിച്ച മറ്റ് രണ്ട് നിയമങ്ങളെയും വിപരീതങ്ങളുടെ ഐക്യനിയമത്തിലൂടെ വിശദീകരിക്കാൻ കഴിയുമെന്നതിനാൽ ഈ മൂന്ന് സാർവ്വത്രിക നിയമങ്ങളിൽ വിപരീതങ്ങളുടെ ഐക്യമാണ് വൈരുദ്ധ്യാത്മകതയുടെ അടിസ്ഥാന നിയമമെന്ന് പറയാം.

മുകളിൽ പറഞ്ഞ ഈ സാർവ്വത്രിക വൈരുദ്ധ്യാത്മക ചലനനിയമങ്ങളെബാധിക്കുന്ന വൈരുദ്ധ്യാത്മകതയുടെ പ്രധാനപ്പെട്ട ദാർശനിക നിയതാർത്ഥങ്ങളെയും മാർക്സിസം വിശദീകരിച്ചിട്ടുണ്ട്:

1. സവിശേഷവുംസാർവത്രികവുംതമ്മിൽ
2. ഉള്ളടക്കവുംരൂപവുംതമ്മിൽ
3. സത്തയുംഭാവവുംതമ്മിൽ
4. കാരണവുംഫലവുംതമ്മിൽ
5. അനിവാര്യതയുംയാദൃശ്ചികതയുംതമ്മിൽ
6. സാധ്യതയുംയാഥാർത്ഥ്യവുംതമ്മിൽ

സാർവത്രിക വൈരുദ്ധ്യങ്ങളുടെ ഈ വിഭാഗങ്ങളെല്ലാം നിശ്ചിതമായതോ സവിശേഷമായതോ ആയ കാര്യങ്ങളിൽ, വസ്തുതക്കളിൽ വൈരുദ്ധ്യാത്മകമായും പരസ്പര ബന്ധിതമായും ഉള്ളടങ്ങിയിരിക്കുന്നു.

ചരിത്രപരമായഭൗതികവാദം

മാർക്സും എംഗൽസും സമൂഹത്തിന്റെയും ചരിത്രത്തിന്റെയും പഠനത്തിദ്ധ്യാത്മക ഭൗതികവാദം പ്രയോഗിക്കുകയും അങ്ങനെ ചരിത്രത്തിന്റെ ഭൗതികവാദ സങ്കൽപ്പം കണ്ടെത്തുകയുംചെയ്തു. ചരിത്രത്തെക്കുറിച്ചുള്ള ഭൗതികവാദ സങ്കൽപ്പം സ മൂഹത്തെയും സാമൂഹികമാറ്റത്തെയും മനസ്സിലാക്കുന്നതിനുള്ള ഒരു പുതിയ വിപ്ലവകരമായ മാർഗമായിരുന്നു. സാമൂഹികമാറ്റങ്ങളുടെയും രാഷ്ട്രീയ വിപ്ലവ ങ്ങളുടെയും അടിസ്ഥാനം ചില മിടുക്കരായ മനുഷ്യരുടെ തലച്ചോറിന്റെ കണ്ടു പിടുത്തമായിട്ടല്ല അത് വിശദീകരിച്ചത്, മറിച്ച് സമൂഹത്തിനുള്ളിലെ പ്രക്രിയകളുടെ ഫലമായാണ്. സമൂഹത്തെ മനസ്സിലാക്കുന്നതിലും അതിനനുസരിച്ച് മാറ്റം കൊണ്ടു വരാനുള്ള ആശയങ്ങൾ രൂപപ്പെടുത്തുന്നതിലുമാണ് സാമൂഹിക മാറ്റത്തിലേക്കുള്ള പാതയെന്ന് എല്ലാ വിപ്ലവകാരികൾക്കും അത് കാണിച്ചുകൊടുത്തു. ഉപകരണങ്ങൾ, യന്ത്രങ്ങൾ, അദ്ധ്വാനവൈദഗ്ദ്ധ്യവുമെല്ലാം ചേർന്ന ഭൗതിക ഉൽപ്പാദന ശക്തികളുടെ വികാസത്തിന്റെ തലമാണ് ചരിത്രത്തെക്കുറിച്ചുള്ള ഭൗതികവാദ സങ്കൽപ്പത്തിന്റെ ആരംഭം. മാർക്സ് പറയുന്നത്, ഉൽപ്പാദന ശക്തികളുടെ വികാസത്തിന്റെ ഘട്ടമനുസരിച്ച് ഉടമസ്ഥതാ ബന്ധവും ഉത്പാദനോപാദികളിന്മേലുള്ള നിയന്ത്രണവുമടക്കമുള്ള കൃത്യമായ ഉൽപാദന ബന്ധങ്ങൾ നമുക്ക് ലഭിക്കുന്നു എന്നാണ്. ഉദാഹരണത്തിന്, മരക്കലപ്പ, കാറ്റ്, കൈകൊണ്ടുള്ള അദ്ധ്വാനം, വളർത്തുമൃഗങ്ങൾ വഴി പ്രവർത്തിക്കുന്ന മില്ലുകൾ തുടങ്ങിയ പിന്നോക്ക ഉൽപാദന ഉപാധികളെ നിയന്ത്രിക്കുന്ന ഉത്പാ ദനശക്തികൾ ഫ്യൂഡൽ ഉത്പാദന ബന്ധങ്ങളുടെ ചിത്രം നൽകുന്നു; ട്രാക്ടറുകൾ, കൊയ്ത്തു യന്ത്രങ്ങൾ തുടങ്ങിയ ആധുനിക ഉൽപ്പാദനശക്തികൾ വ്യാപകമാ കുമ്പോൾ മുതലാളിത്ത ഉൽപ്പാദന ബന്ധങ്ങൾ ഉടലെടുക്കുന്നു. ഈ ഉൽപാ ദന ബന്ധങ്ങളാണ് അതാ തസമൂഹത്തിന്റെ സാ മ്പത്തിക ഘടനയെ അഥവാ സമൂഹത്തിന്റെ സാമ്പത്തിക അടിത്തറ രൂപവൽക്കരിക്കുന്നത്.

സമൂഹത്തിന്റെ സാമ്പത്തിക അടിത്തറയുടെ മുകളിൽ, അതിന്റെ സാമൂഹിക അവബോധത്തിന്റെ കൃത്യമായ രൂപങ്ങളുള്ള സാംസ്കാരികവും നിയമപരവും പ്രത്യയശാസ്ത്രപരവും രാഷ്ട്രീയവുമായ ഒരു ഉപരിഘടന ഉയർന്നുവരുന്നു. മാത്രവുമല്ല, സാമൂഹികവും രാഷ്ട്രീയവും ബൗദ്ധികവുമായ ജീവിതത്തെ പൊതുവിൽ വ്യവ സ്ഥപ്പെടുത്തുന്നത് (ഉൽപാദന ശക്തികളും ഉൽപാദന ബന്ധങ്ങളും അടങ്ങുന്ന) ഉൽപാദന രീതിയാണെന്നും മാർക്സ് കൂട്ടിചേർക്കുന്നു. ഉദാഹരണത്തിന്, ഫ്യൂഡൽ ഉൽപ്പാദന രീതി സ്ത്രീകൾക്കും അടിയാന്മാരായ ജനവിഭാഗങ്ങൾക്കും മേൽ വളരെ കഠിനമായ അടിച്ചമർത്തലുകളും വളരെ പിന്നോക്ക സ്വഭാവത്തിലുള്ളതും ജനാധിപത്യ വിരുദ്ധവുമായ ഒരു രാഷ്ട്രീയ വ്യവസ്ഥ സൃഷ്ടിക്കുന്നു; മറുവശത്ത്, മുതലാളിത്ത ഉൽപാദന രീതി പ്രത്യക്ഷ സാമൂഹിക അടിച്ചമർത്തൽ കുറയ്ക്ക ുകയും ചില ബൂർഷ്വാ ജനാധിപത്യ അവകാശങ്ങൾ കൊണ്ടുവരികയും ചെയ്യുന്നു.

ഉൽപ്പാദനശക്തികളുടെ വികാസത്തിന്റെ ഒരു പ്രത്യേകഘട്ടത്തിൽ അവ നിലവിലുള്ള ഉൽപാദന ബന്ധങ്ങളുമായി വൈരുദ്ധ്യത്തിലേർപ്പെടുന്നു. ഒരുവശത്ത് ഈ പഴയ ഉൽപാദന ബന്ധങ്ങൾ ഉൽപാദനശക്തികളുടെ വികാസത്തെ തടയാൻ തുടങ്ങുന്നു. മറുവശത്ത്, ഈഉൽപാദന ബന്ധങ്ങളിൽ മാറ്റം വരുത്തിയില്ലെങ്കിൽ ഉൽപ്പാദന ശക്തികൾക്ക് വികസിക്കാൻ കഴിയാത്ത സാഹചര്യത്തിൽ ഉൽപ്പാദന ശക്തികൾ അതിനെതിരായ സമരം ശക്തിപ്പെടുത്തുന്നു. ഉൽപ്പാദന ബന്ധങ്ങൾ ഉൽപ്പാദന ശക്തികളുടെ വികാസത്തിൽ ച ങ്ങലകളായിപ്രവർത്തിക്കാൻ തുടങ്ങുന്ന ഈകാലഘട്ടം സാമൂഹിക വിപ്ലവയുഗത്തിന്റെ തുടക്കമാകുന്നു. ഉൽപ്പാദന ബന്ധങ്ങ ൾ അഥവാ സമൂഹത്തിലെ വിവിധ വർഗ്ഗങ്ങൾ തമ്മിലുള്ള ബന്ധം മാറ്റാൻ വിപ്ലവം അനിവാര്യമാകുന്നു. ഇത് സംഭവിക്കുന്നതോടെ ഉൽപാദന ബന്ധങ്ങൾ അഥവാ ഉടമസ്ഥതാ ബന്ധങ്ങൾ തകർക്കപ്പെടുകയും അതിന്റെ ഭാഗമായി സാമ്പത്തിക അടിത്തറമാറുകയും ചെയ്യുന്ന മുറക്ക്, മാറിയ പുതിയ സമൂഹത്തിന്റെ അവബോധത്തെ പ്രതിഫലിക്കും വിധം, അതിന്റെ പ്രത്യയ ശാസ്ത്രത്തെ പ്രതിഫലിക്കും വിധത്തിലുള്ള രാഷ്ട്രീയ നിയമവ്യവസ്ഥ എന്ന നിലയിൽ മുഴുവൻ ഉപരിഘടനയിലും മാറ്റംവരുന്നു. ചരിത്രത്തെക്കുറിച്ചുള്ള ഈ ഭൗതികവാദ സങ്കൽപ്പമാണ് മാർക്സിന്റെ ആദ്യത്തെ സുപ്രധാനമായ വികാസങ്ങളിലൊന്ന്. മനുഷ്യ സമൂഹത്തിന്റെ നാളിതുവരെയുള്ള ചരിത്രം, ആയതിനാൽ വർഗ്ഗസംഘട്ടനങ്ങളുടെ ചരിത്രമാണെന്ന് മാർക്സിസം സ്ഥാപിക്കുന്നു.

മനുഷ്യ സമൂഹത്തിന്റെ ചരിത്രത്തെ അതിൽ ഉള്ളടങ്ങിയതും സ്വാധീനിച്ചതുമായ വിരുദ്ധങ്ങളുടെ സംഘർഷങ്ങളെ അടിസ്ഥാനപ്പെടുത്തി, ഭൗതികവാദ പരിപ്രേക്ഷ്യത്തിൽ അവതരിപ്പിക്കുന്നതുവരെ, പൊതുവിൽ അതുവരെ പുലർത്തിയിരുന്ന മനുഷ്യ രാശിയുടെ ചരിത്രരചനാരീതി അതാത് കാലത്തെരാജാക്കന്മാരേ യും ആധിപത്യത്തിലിരുന്നിരുന്ന നേതൃത്വത്തിന്റേയും ചരിത്രത്തെ അടിസ്ഥാനപ്പെടുത്തിയായിരുന്നു. എന്നാൽ, അതാത് സമൂഹത്തിന്റെ അടിത്തട്ടിലെ സമൂലമായ ഉല്പാദനശക്തികളായിരുന്ന ജനങ്ങ ളുടേയും ഉൽപ്പാദന–ചലനക്രമങ്ങളുടെ അടിസ്ഥാനത്തിലും യഥാതതമായ ചരിത്രവിശകലന രീതിയാണ് മാർക്സിസം ആവിഷ്കരിച്ചത്.

മനുഷ്യസ മൂഹത്തിന്റെ പ്രാഥമിക ഘട്ടത്തിൽ തങ്ങളുടെ ജീവിതസന്ധാരണത്തിനായി എല്ലാവരും തന്നെ ഭൂമിയിൽ (മണ്ണിൽ) ഉല്പാദന പ്രവർത്തനങ്ങളിലേർപ്പെട്ടു. പ്രാഥമികമായ ഈ 'കമ്മ്യൂണിസ്റ്റ്' ഘട്ടത്തിൽ മനുഷ്യ സമൂഹത്തിൽ പരസ്പരം വർഗ്ഗ വ്യത്യാസങ്ങളില്ലാത്ത, പ്രകൃതിയുമായി വൈരുദ്ധ്യ ത്തിലേർപ്പെടുന്ന സമൂഹമായിതുടർന്നു. മറ്റ് ജന്തു ജീവി വിഭാഗങ്ങളിൽ നിന്ന് വ്യത്യസ്ഥമായി മനുഷ്യരിൽ ചരിത്രപരമായി വികാസംകൊണ്ട് തലച്ചോറിന്റെ മികവിൽ കൂടുതൽ സൗകര്യപ്രദമായ ഉലപാദന പ്രവർത്തനങ്ങളി ലേർപ്പെടാനും മറ്റും അതിനനുസരിച്ച ഉല്പാദനോപാധികളും മറ്റും

വികസിപ്പിക്കാനും സമൂഹത്തിന്റെ കൂട്ടായ ചിന്തയുടെ ഫലമയി മനുഷ്യർക്ക് കഴിഞ്ഞു. ഈ പ്രയാണത്തിന്റെ ഒരു നിശ്ചിത ഘട്ടത്തിൽ സമൂഹത്തിലെ എല്ലാമനുഷ്യരും അവരവരുടെ ജീവിതസന്ധാരണത്തിനായി ഒരുപോലെ തൊഴിലെടുക്കുന്നവരല്ലാതായി; ഒപ്പം എല്ലാവർക്കും സാമൂഹ്യോൽപ്പാദനത്തിൽ നിന്നുള്ള നേട്ടങ്ങൾ ഒരുപോലെ ലഭ്യമല്ലാതായി, പ്രത്യേകിച്ച് നേരിട്ട് ഉ ല്പാദന പ്രവർത്തനത്തിലേർപ്പെടാത്തവർ കൂടുതൽ നേട്ടങ്ങൾ അനുഭവിക്കുന്നവരായി. മനുഷ്യ സമൂഹത്തിന്റെ ചരിത്രത്തിൽ, പുതിയ തരം ഉല്പാദന ബന്ധങ്ങൾ നിലവിൽവന്നു; അഥവാ സമൂഹത്തിൽ വർഗ്ഗ വൈരുദ്ധ്യങ്ങൾ ഉടലെടുത്തു. ക്രമേണ, ഒരുവിഭാഗം മനുഷ്യർ ഉല്പാദന പ്രവർത്തനങ്ങളിലേർപ്പെടാൻ മാത്രം വിധിക്കപ്പെടുകയും മറ്റൊരു വിഭാഗം അതിന്റെ നേട്ടങ്ങൾ കൊയ്യാൻ അധികാരപ്പെടുകയും ചെയ്യുന്ന തരത്തിലുള്ള ഉല്പാദന–സാമൂഹ്യ ബന്ധങ്ങൾ സ്ഥാപിക്കപ്പെട്ടു, ആ സമൂഹത്തിന്റെ ആ കാലത്തെ സവിശേഷമായ ഉല്പാദന സമ്പ്രദായം നിലവിൽവന്നു. ആ സമ്പ്രദായത്തിന്റെ സാമ്പത്തിക അടിത്തറയുടെ രൂപമായി അടിമ വ്യവസ്ഥ നിലവിൽവന്നു. ആ വ്യവസ്ഥയുടെ വികാസമായി ജന്മി–നാടുവാഴിത്ത വ്യവ സ്ഥയും മനുഷ്യരാശിയുടെ വൻകുതിപ്പിന്റെ ഭാഗമായി ആ വ്യവസ്ഥയുടെ വികാസമായി മുതലാളിത്ത വ്യവസ്ഥയും നിലവിൽവന്നു. മൂലധനാധിപത്യത്തിൻ കീഴിലെ ഉ ല്പാദന ബന്ധങ്ങളിൽ അന്തർലീനമായ വൈരുദ്ധ്യത്തിന്റെ ഭാഗമായി അതിന്റെ ഉല്പാദന ശക്തിയായ സംഘടിത തൊഴിലാളിവർഗ്ഗം, വർഗ്ഗബോധം ആർജ്ജിച്ച മർദ്ദിത വർഗ്ഗമെന്ന നിലക്കും വർഗ്ഗവൈരുദ്ധ്യങ്ങളില്ലാത്ത സാമൂഹ്യ വ്യവസ്ഥയ് ക്കായി ബോധപൂർവ്വം പോരാടുന്ന സംഘടിത വർഗ്ഗമെന്ന നിലക്കുമുള്ള വികാസം മനുഷ്യ സമൂഹത്തിൽ ഉടലെടുത്തു. ഒരുനിശ്ചിത സമൂഹത്തിൽ ഉല്പാദന പ്രവർത്തനത്തിലേർപ്പെടുന്നവരും ഉല്പാദന പ്രവ ർത്തനത്തിലേർപ്പെടുന്നവരുടെ മുകളിലും ഉല്പാദനോപകരണങ്ങളും യന്ത്രങ്ങളും പ്രകൃതി വിഭവങ്ങളുമടക്കമുള്ള ഉല്പാദനോപാധികളിലും ഉടമസ്ഥതാധികാരം കയ്യാളുന്നവരും തമ്മിലുള്ള ബന്ധമാണ് അഥവാ ഉല്പാദന ബന്ധമാണ് ആ സമൂഹത്തിലെ വർഗ്ഗവൈരുദ്ധ്യത്തിന്റെ അടിസ്ഥാനം. ആ ഉല്പാദന ബന്ധങ്ങളാൽ സ്ഥാപിക്കപ്പെടുന്ന ഉല്പാദന സമ്പ്രദായമാണ് (ഉല്പാദനരീതിയണ്) ആ സമൂഹത്തിന്റെ സാമ്പത്തിക അടിത്തറ, അതിന്റെ സാമൂഹ്യ ഉള്ളടക്കത്തെ പ്രകടമാക്കുന്നത്. അഥവാ ഒരു സമൂഹത്തിന്റെ ഉള്ളടക്കം നാടുവാഴിത്തമാണോ, മുതലാളിത്തപൂർവ്വമാണോ, മുതലാളിത്തമാണോ സോഷ്യലിസ്റ്റ് വ്യവസ്ഥിതിയാണോ മറ്റേതെങ്കിലും വ്യവസ്ഥയാണോ എന്നെല്ലാം വെളിപ്പെടുത്തുന്നത് അതിന്റെ ഉല്പാദന സമ്പ്രദായമാണ്. ആ സമൂഹത്തിലെ ഉല്പാദനബന്ധങ്ങളിൽ ആധിപത്യം പുലർത്തുന്ന വർഗ്ഗത്തിന്റെ അഥവാ ആ സമൂഹത്തിന്റെ സാമ്പത്തികാടിത്തറയുടെ (ഉല്പാദനരീതിയുടെ) പ്രത്യയശാസ്ത്രപരവും സാംസ്കാരികവും നിയമപരവുമായ രൂപമെന്നനിലയിൽ, അതിന്റെ മേൽപ്പുരയെന്ന നിലയിൽ, ആ സമൂഹത്തിന്റെ രാഷ്ട്രീയാധികാരവ്യവസ്ഥ സ്ഥാപിക്കപ്പെടുകയും ചെയ്യുന്നു.

ഒരു സമൂഹത്തിൽ ഉല്പാദന പ്രവർത്തനത്തിലേർപ്പെടുന്ന ശക്തികൾ, മനുഷ്യ സമൂഹം ആർജ്ജിച്ചെടുക്കുന്ന പുതിയ പുതിയ നേട്ടങ്ങളുടെ കൂടി പാശ്ചാത്തലത്തിൽ, ഉല്പാദനവും ഉല്പാദനബന്ധങ്ങളും വികസിപ്പിക്കാൻ, അതനുസരിച്ച് ഉല്പാദന ബന്ധങ്ങളിൽ മാറ്റംവരുത്താൻ നിരന്തര പ്രയത്നത്തിലേർപ്പെടുന്നു. ആ സമൂഹത്തിൽ ആധിപത്യം പുലർത്തുന്നവർഗ്ഗം, അഥവാ ഉല്പാദനോപാദികളിൽ ആധിപത്യം പുലർ ത്തുന്നവർ നിലവിലെ ഉല്പാദന ബന്ധങ്ങൾ നിലനിർത്താൻ അ വർ ആധിപത്യം പുലർത്തുന്ന രാഷ്ട്രീയാധികാര വ്യവസ്ഥയുടെകൂടി പിൻബലത്താൽ ശ്രമിക്കുന്നു. സമൂഹത്തിൽ നിരന്തരം നടക്കുന്ന ഈ വർഗ്ഗസംഘട്ടനങ്ങളുടെ ഒരുനിശ്ചിത ഘട്ടത്തിൽ, നിലനിൽക്കുന്ന ഉല്പാദന ബന്ധങ്ങൾ നിലനിൽക്കാനാകാത്ത തരത്തിൽ വർഗ്ഗ

സംഘർഷം മൂർച്ഛിക്കുന്നു, അഥവാ ഉല്പാദനശക്തികളുടെ ഗുണപരമായ മാറ്റത്തിനുള്ള സമരത്തിൽ സമൂലമായി അളവുപരമായ പങ്കാളിത്തത്തം ആർജ്ജിക്കുന്നു. നിലവിലെ ഉല്പാദനബന്ധം തകർക്കുംവിധം സമൂഹത്തിൽ വിസ്ഫോടനം സംഭവിക്കുന്നു, സാമൂഹ്യ വിപ്ലവം സംഭവിക്കുന്നു. വർഗ്ഗബന്ധങ്ങളിൽ സമൂലമായമാറ്റം വരുത്തിക്കൊണ്ട്, ഗുണപരമായ മാറ്റത്തിലേക്ക്വന്ന വർഗ്ഗം, പുതിയ ഉല്പാദനബന്ധം സ്ഥാപിക്കുകയും അതിന്റെ സാമൂഹ്യ ഉള്ളടക്കത്തെ പ്രതിഫലിക്കുംവിധം, അതിന്റെ സാമ്പത്തി കാടിത്തറയായി, പുതിയ ഉല്പാദനരീതി സൃഷ്ടിക്കപ്പെടുന്നു. ഈ അടിത്തറയുടെ അഥവാ പുതുതായി ആധിപത്യത്തിൽ വന്ന വർഗ്ഗത്തിന്റെ –പ്രത്യയശാസ്ത്രപരവും സാംസ ്കാരികവും നിയമപരവുമായ രൂപമെന്ന നിലയിൽ, അതിന്റെ മേൽപ്പുരയെന്ന നിലയിൽ അതിന്റെ രാഷ്ട്രീയാധികാര വ്യവസ്ഥ സ്ഥാപിക്കുന്നു. പുതിയതായി പുന:സംഘടിപ്പിക്കപ്പെട്ട സമൂഹത്തിൽ പുതിയ ഉല്പാദന ബന്ധങ്ങളുടെ സ്വഭാവമ നുസരിച്ച് പുതിയ സാമൂഹ്യ മാറ്റങ്ങൾക്കായുള്ള വർഗ്ഗ സംഘർഷങ്ങൾ തുടരുന്നു, വർഗ്ഗ വിഭജനങ്ങളില്ലാത്ത സാമൂഹ്യഘടനസ്ഥാപിക്കുവോളംസമൂഹത്തിനുള്ളിൽവർഗ്ഗസംഘർഷങ്ങൾഅഭംഗുരംതുടരുന്നു. മനുഷ്യസമൂഹത്തിന്റെ ചരിത്രം, ഇത്തരുണത്തിൽ വർഗ്ഗസംഘട്ടനങ്ങളുടെ ചരിത്രമായിതുടരുന്നു.

പ്രാഥമികയുഗ–ഘട്ടംമുതൽ തങ്ങളുടെ ജീവിതസന്ധാരണത്തിന്റെ ഭാഗമായി ഭൂലോകത്തിന്റെ വിവിധ മേഖലകളിലേക്ക്, പ്രതികൂലമായ പ്രകൃതി പ്രതിഭാസങ്ങളുമായി മല്ലിട്ട് മനുഷ്യസമൂഹം നടത്തിയ അതിസാഹ സികമായ ദീർഘിച്ച യാത്രകളിലൂടെ വിവിധയിടങ്ങളിൽ മനുഷ്യസമൂഹം സൃഷ്ടിച്ച കാർഷിക–നാഗരിക സംസ്കാരങ്ങളും അവയുടെ സവിശേഷ സാഹചര്യങ്ങൾക്കനുസരിച്ച ഉല്പാദന ബന്ധങ്ങൾക്കധിഷ്ഠിതമായ വിവിധ സാമൂഹ്യ വ്യവസ്ഥകളും സ്ഥാപിതമായി. ഈ സാമൂഹ്യ വ്യവസ്ഥകളിലെല്ലാം അവ യുടെ വർഗ്ഗ വൈരുദ്ധ്യങ്ങൾക്കധിഷ്ഠിതമായ സംഘർഷങ്ങളും സവിശേഷമായ സാമൂഹ്യ വികാസങ്ങളും ഉണ്ടായിക്കൊണ്ടിരിക്കുന്നു.

മനുഷ്യ സമൂഹ ചരിത്രത്തെ സംബന്ധിച്ച മാർക്സിസ്റ്റ് പരിപ്രേക്ഷ്യത്തിന്റെ അഥവാ ചരിത്രപരമായ ഭൗതികവാദ വിശകലനത്തിന്റെ സത്ത ഇതാണ്.

ചരിത്രപരമായഭൗതികവാദത്തിന്റെയാന്ത്രികമായവികലീകരണം

അതേസമയം, യൂറോപ്പിന്റെ സാമൂഹ്യ ചരിത്രത്തെ പൊതുവ ിലും വളർച്ചയെത്തിയ മുതലാളിത്ത സമൂഹമായിരുന്ന ഇംഗ്ലണ്ടിനെ സവിശേഷമായും പഠനവിധേയമാക്കിക്കൊണ്ട് വികസിപ്പിച്ച ചരിത്രപരമായ ഭൗതികവാദം, വിവിധ സാമൂഹ്യ യുഗങ്ങളിലെ ഉല്പാദന സമ്പ്രദായത്തെ അടിസ്ഥാനപ്പെടുത്തി അവതരിപ്പിച്ചതിനെ, പിൽക്കാലത്ത് എക്കാലത്തെക്കും എവിടേക്കുമുള്ള വാർപ്പ് മാതൃകയാക്കിയ സാർവ്വദേശീയ കമ്മ്യൂ ണിസ്റ്റ് നേതൃത്വമടക്കം (സ്റ്റാലിൻരചിച്ച 'വൈരുദ്ധ്യാത്മകവുംചരിത്രപരവുമാ യഭൗതികവാദം' എന്ന കൃതിയെ തുടർ ന്നുള്ള ആഖ്യാനമടക്കം) തൊഴിലാളി വർഗ്ഗത്തിന്റെ മുന്നോട്ട് പോക്കിൽ ഗുരുതരമായ തടസ്സങ്ങൾ സൃഷ്ടിക്കുകയുണ്ടായി. യാന്ത്രികമായ ഈ വികലീകരണത്തെ യഥാർത്ഥത്തിൽ മാർക്സും എംഗൽസും അവരുടെ ജീവിത കാലത്ത് തന്നെ വിമർശന വിധേയമാക്കിയിട്ടുണ്ട്. ഉദാഹരണത്തിന്, ഇന്ത്യൻ ഉപഭൂഖണ്ഡത്തിൽ ചരിത്രപരമായി ഉടലെടുത്ത ജാതിവ്യവസ്ഥയും അതിന്റെകൂടി അടിസ്ഥാനത്തിൽ ഇവിടെ നിലനിൽക്കുന്ന ഉല്പാദന വ്യവസ്ഥയേയും മുൻനിർത്തി, 'ഏഷ്യൻ ഉല്പാദന സമ്പ്രദായ'ത്തെ സംബന്ധിച്ച പരികൽപ്പനകൾ മാർക്സ് പലതവണ പഠനങ്ങളിലും നിരീക്ഷണങ്ങളിലും വിശദീകരിച്ചിട്ടുണ്ട്. ലോകത്തെ വിവിധസമൂഹങ്ങളിൽ ചരിത്രപരമായി ഉടലെടുത്തതും വികസിച്ചു വന്നതുമായ ഉത്പാദന ബന്ധങ്ങ ളെ സംബന്ധിച്ചും അവയുടെ സ്വഭാവത്തെ സംബന്ധിച്ചും അവയെ മാറ്റി മറ്റൊരു വ്യവസ്ഥ സ്ഥാപിക്കുന്നതിനുള്ള പ്രയോഗത്തെ സംബന്ധിച്ചും അടക്കം എല്ലായിടത്തേക്കും എ ല്ലാ കാലത്തേക്കുമായി അന്തിമമായ

കുറിപ്പടികളോ ഒറ്റമൂലികളോ ഇല്ലെന്നും അതാത് സമൂഹത്തിലെ ചരിത്രപരമായി പരുവപ്പെട്ട ഉള്ളടക്കത്തെ സംബന്ധിച്ചും അതിന്റെ സ്വഭാവ ത്തിനും കാലത്തിനും മനുഷ്യരാശി വികസിപ്പിക്കുന്ന ധാരണകൾക്കുമനുസ രിച്ച് അവയെ വിശകലനം ചെയ്യാനും മാനവരാശിയുടെ വിമോചനത്തെ ലക്ഷ്യംവെച്ച് പരിവർത്തിപ്പിക്കാനും ഉതകു ന്ന അടിസ്ഥാനതത്വങ്ങൾ മുന്നോട്ട് വെക്കുക മാത്രമാണ് തങ്ങൾ ചെയ്യുന്നതെന്നും അതുതന്നെ മാറ്റങ്ങൾക്കും വികാസങ്ങൾക്കും വിധേയമാണെന്നും മാർക്സും എംഗൽസും വ്യക്തതയോടെ ഓർമ്മിപ്പിക്കുകയുംചെയ്യുന്നു.

'ഒരു വ്യക്തിയെക്കുറിച്ചുള്ള നമ്മുടെ അഭിപ്രായം അവൻ സ്വയം ചിന്തിക്കുന്നതിനെ അടിസ്ഥാനമാക്കിയുള്ളതല്ലാത്തതുപോലെ, അത്തരം പരിവർത്തന കാലഘട്ടത്തെ അതിന്റെ സ്വന്തം ബോധത്താൽ നമുക്ക് വിലയിരുത്താനാവില്ല; നേരെമറിച്ച്, ഈ ബോധം ഭൗതികജീവിതത്തിന്റെ വൈരുദ്ധ്യങ്ങളിൽ നിന്ന് വിശദീകരിക്കേണ്ടതുണ്ട്, സാമൂഹിക ഉൽപാദന ശക്തികളും ഉൽപാദന ബന്ധങ്ങളും തമ്മിലുള്ള നിലവിലുള്ള സംഘർഷത്തിൽ നിന്നുവിശദീകരിക്കേണ്ടതുണ്ട്.

. . . വിശാലാർത്ഥത്തിൽ, ഏഷ്യാറ്റിക്, പുരാതന, ഫ്യൂഡൽ, ആധുനിക ബൂർഷ്വാ (മുതലാളിത്ത) ഉൽപ്പാദനരീതികൾ സമൂഹത്തിന്റെ സാമ്പത്തിക രൂപീകരണത്തിൽ വഹിക്കുന്ന പങ്കിനെ ആ സമൂഹങ്ങളിൽ ചരിത്രപരമായി വികസിച്ചുവന്ന അതത് ഉല്പാദ നബന്ധങ്ങളുടെ അടിസ്ഥാനത്തിൽ നിന്ന് വിശദീകരിക്കേണ്ടതുണ്ട്'' ('ഉല്പാദന ഉപാധികളാണ് തൊഴിലാളി സംഘാടനത്തെ നിർണ്ണയിക്കുന്നത് എന്ന നമ്മുടെ സിദ്ധാന്തം" എന്ന തലക്കെട്ടോടെ മാർക്സ് 1866 ജൂലൈ 7-ന് എംഗൽസിന് എഴുതിയ കത്തിൽനിന്ന്)

**ഉപസംഹാരം**

1840 കളുടെ മധ്യത്തിൽ വികസിപ്പിച്ചെടുത്ത വൈരുദ്ധ്യാത്മിക ഭൗതികവാദവും അതിന്റെ അടിസ്ഥാനത്തിൽ സാമൂഹ്യ മാറ്റത്തേയും ചരിത്രത്തേയും സംബന്ധിച്ച ചരിത്രപരമായ ഭൗതികവാദവും പിന്നീടങ്ങോട്ട് മാർക്സിസ്റ്റ് സിദ്ധാന്തത്തിന്റെ മറ്റ് മഹത്തായ സൈദ്ധാന്തിക-രാഷ്ട്രീയപ്രത്യയശാസ്ത്ര മുന്നേറ്റങ്ങൾക്ക് അടിത്തറയായി. മനു ഷ്യരാശിയുടെ പുതിയ പുതിയ വികാസങ്ങൾക്കും കണ്ടെത്തലുകൾ ക്കും ലോക ത്തിലും പ്രകൃതിയിലും വരുന്ന ഗതി വിഗതികൾക്കും ദേശ വൈവിധ്യങ്ങൾക്കും അനുസരിച്ച് നിരന്തരം വികസിപ്പിച്ച് കൊണ്ടേയിരിക്കുന്ന മാർക്സിസ്റ്റ് സിദ്ധാന്തത്തിന്റെയും അതിന്റെ പ്രയോഗങ്ങളുടേയും അടിസ്ഥാനതത്വമായി വൈരുദ്ധ്യാത്മകവും ചരിത്രപരവുമായ ഭൗതികവാദം തുടർന്നുപോരുന്നു.

മാർക്സിസത്തിന്റെ അടിസ്ഥാന തത്വങ്ങളെ തെളിമയോടെ മനസ്സിലാക്കുകയും അതിന്റെ കൂടുതൽ ദാർശനികമായവികാസങ്ങളെആഴത്തിൽ പഠിക്കുകയും അതിന്റെ നിരന്തര വികാസത്തെ സ്ഥിരമായി പിന്തുടരുകയും ചെയ്യുക എന്നത് മാർക്സിസം മാർഗ്ഗ ദർശനമാക്കിയ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ കാഡർമാരെ സമ്പന്ധിച്ചേടത്തോളം അത്യന്താപേക്ഷിതമായ ഒരു ചര്യയാണ്. മാനവരാശിയുടെ വിമോചനത്തിനായുള്ള ശക്തമായ ഈ സൈദ്ധാന്തികായുധത്തെ പറ്റിയുള്ളപഠനത്തിൽ മാത്രം വിഹരിക്കുന്നതും കമ്മ്യൂണിസ്റ്റുകാരെ സംബന്ധിച്ച് ഉപയോഗശൂന്യമാണ്. പാണ്ഡിത്യ താല്പര്യാർത്ഥമല്ല കമ്മ്യൂണിസ്റ്റുകാർ ഇക്കാര്യങ്ങൾ ആഴത്തിൽ പഠിക്കുന്നത്. ആ ആയുധം നിരന്തരംപ്ര യോഗി ക്കുന്നതിലൂടെ മാത്രമേഅത ിനെസംബന്ധിച്ച പ്രാവീണ്യം നാൾക്കുനാൾ വികസിപ്പിക്കാനുമാകൂ. നിരന്തരം മാർക്സിസ്റ്റ് പഠനങ്ങൾക്ക് സ്വയം വിധേയ മാവുകയും ലോകത്തും രാജ്യത്തും ചുറ്റുപാടുകളിലും നടക്കു ന്ന എല്ലാ സംഭവ വികാസങ്ങളേയും ശരിയായി വിശകലനം ചെയ്യാനും അതെപറ്റി ശരിയായ നിലപാടെടുക്കാനും മാർക് സിസ്റ്റ് സിദ്ധാന്തത്തിന്റെ തെളിമയാർന്ന നിരന്തര പ്രയോഗം കമ്മ്യൂണിസ്റ്റ്കാരനെ ശക്തനായ

പോരാളിയാക്കും. കമ്മ്യൂണിസ്റ്റ് പാർട്ടിയിലെ കമ്മറ്റികളിൽ കൂടുതൽ കൃത്യതയാർന്ന നിലപാടുകൾ മുന്നോട്ടു വെക്കുന്നതിനും കൂട്ടായ ചിന്തകളിലൂടേയും പ്രയോഗങ്ങളിലൂടേയും പാർട്ടിയുടെ പൊതു നിലപാടുകളും ലൈനും നിരന്തരം വികസിപ്പിക്കുന്നതിനും മുഴുവൻ കാഡർമാരും അതിൽ പങ്കാളികളാകുന്നതിനും പാർട്ടിയെ തൊഴിലാളി വർഗ്ഗത്തിന്റെ കരുത്തുറ്റ മുന്നണി പടയാക്കുന്നതിനും അതിലൂടെ സാധിക്കും.

–**കബീർ**

വൈരുദ്ധ്യാത്മക ഭൗതിക വാദത്തിന്റെ വിശദമായ പഠന ത്തിനുംഅതേപറ്റിയുള്ള ധാരണകൾ വികസിപ്പിക്കുന്നതും പുനർവായനക്ക് വിധേയമാക്കേണ്ട ചില അടിസ്ഥാന ഗ്രന്ഥങ്ങളുടെ പട്ടിക:

കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോ –മാർക്സ്, എംഗൽസ്
രാഷ്ട്രീയ സമ്പദ്‌വ്യവസ്ഥയുടെ വിമർശനത്തിലേക്കുള്ള സംഭാവനയുടെ ആമുഖം
– മാർക്സ്
ഫ്യൂയർ ബാക്കിനെപറ്റിയുള്ള പ്രബന്ധം –മാർക്സ്
തത്വശാസ്ത്രത്തിന്റെ ദാരിദ്ര്യം –മാർക്സ്
മൂലധനത്തിന്റെ സംഗ്രഹം –എംഗൽസ്
ഗോഥാ പരിപാടിയുടെ വിമർശനം – മാർക്സ്, എംഗൽസ്
കൂലിവേലയും മൂലധനവും – മാർക്സ്
ലുഡ്വിഗ് ഫ്യൂയർബാക്കും ജർമ്മൻ ക്ലാസ്സിക്കൽ തത്വശാസ്ത്രത്തിന്റെ അന്ത്യവും
– എംഗൽസ്
ജർമ്മൻ പ്രത്യയശാസ്ത്രം വാല്യം 1 –മാർക്സ്, എംഗൽസ്
കുടുംബം, സ്വകാര്യസ്വത്ത്, ഭരണകൂടം എന്നിവയുടെ ഉത്ഭവം –എംഗൽസ്
ചരിത്രപരമായ ഭൗതികവാദത്തെപറ്റി യോസഫ് ബ്ലോഹിനുള്ളകത്ത് –എംഗൽസ്
പ്രകൃതിയുടെ വൈരുദ്ധാത്മകത – എംഗൽസ്
ഭൗതികവാദവും അനുഭവ വിമർശനവും –ലെനിൻ
എന്ത് ചെയ്യണം –ലെനിൻ
ഭരണകൂടവും വിപ്ലവവും –ലെനിൻ
സാമ്രാജ്യത്വം, മുതലാളിത്തത്തിന്റെ പരമോന്നതഘട്ടം – ലെനിൻ
മാർക്സിസത്തിന്റെ മൂന്ന് സ്രോതസ്സുകളും മൂന്ന് ഘടകങ്ങളും –ലെനിൻ
കാൾമാർക്സ് –ലെനിൻ
ലെനിനിസത്തിന്റെ അടിസ്ഥാനം –സ്റ്റാലിൻ
വൈരുദ്ധ്യത്തെപറ്റി –മാവോ
പത്ത് പ്രധാന ബന്ധങ്ങളെപറ്റി – മാവോ
ജനങ്ങൾക്കിടയിലെ വൈരുദ്ധ്യം ശരിയായി കൈകാര്യം ചെയ്യുന്നതിനെപറ്റി – മാവോ